# NEW VISION FOR A CHANGING WORLD

VOL. 4 ■ ISSUE 8 ■ APRIL 2004



സഭാതാൽപര്യപ്രകാരമുള്ള ഒരു ക്രിസ്തുവിനെയാണു നാം അവതരിപ്പിക്കുന്നത്. അവിടെ ക്രിസ്തു വളരെയധികം ആത്മീയവൽക്കരിക്കപ്പെടുകയും വിഗ്രഹമാക്കപ്പെടുകയും ചെയ്യുന്നു. (പേജ് 4)

– ഡോ. തോമസ് മാർ അത്താനാസ്യോസ്

## കൂടാതെ, ഈ ലക്കത്തിൽ

ഡോ. റോവൻ വില്യംസ് • റവ. ഡോ. ഇ.സി. ജോൺ • ഡോ. ജോർജ് ജേക്കബ് • ഫാദർജി

തുടങ്ങിയവരുടെ ലേഖനങ്ങളും, സ്ഥിരം പംക്തികളും

# NEW VISION FOR A CHANGING WORLD


## EDITORIAL BOARD

**Dr. Mathew Koshy Punnackad**
Chief Editor, New Vision,
Punnackad, Kozhencherry - 689 652
Phone/Fax: 0468-2214068
e-mail : mkoshy@satyam.net.in.

**The Rev.Prof. K.C. Mathew**
Manager & Publisher, New Vision,
Manganam,Kottayam-686 018
Phone: 95481-2351841, Fax: 95481-2574987
e-mail: ktm_mandiram@sancharnet.in.

**The Rev. A.C. Oommen, Oddanchatram**
Phone: 04553 - 40803

**The Rev. Dr. A.T.Abraham, Muvattupuzha**
Phone: 0485-835120

**The Rev. Dr. K.V. Mathew, Kottayam**
Phone: 95481-2573795

**The Rev. Dn. Mathew P. Idicula, Chicago**
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

**Mr. M. Kurian, Manganam**
Phone: 95481-2578599

**Prof. George Jacob, Kottayam - 4**
Phone: 95481 - 2573476

**Prof. Zachariah Mathew, Kottayam**
Phone: 95481 - 2566135

## ADVISORY BOARD

Rt. Rev. T.B.Benjamin,Kottayam • Rt.Rev. K.Michael John, Melukavu• Rt.Rev. Dr.Isaac Mar Philoxenos,Kottayam • Rt.Rev.Geevarughese Mar Osthathiose, Parumala • Rt.Rev. Dr. Thomas Mar Athanasius, Muvattupuzha • Rev. Dr. E.C. John,Bangalore • Fr.Dr.K.M. George, Kottayam • Fr. A.P. George,Perumbavoor • Rev. Prof. Mathew Daniel, Kozhencherry • Rev. Shajan Idicula, Thiruvananthapuram • Prof. Philip N.Thomas, Tiruvalla • Prof. Mammen Varkey, Mavelikara • Mr. C. John Mathai, Kottayam • Mr. M.M. Yobel, Kottayam • Adv. K.I. Ninan, Aymanam • Ms. Accamma Paul, Mavelikara • Mr. J.T. Wattachanackal, Chicago • Mr. C.J. Rajan, Chennai

***Contact person in Tamilnadu***
Mr. C.J. Rajan
25 Razak Gardens,8-Cross Street,
Arumbakkam, Chennai-106

***Contact person in Canada***
Major (Retd.) Jacob K. Philipose
98 Arbour Wood Cres. N.W.
Calgary, Alberta, Canada T3G 4C3
Phone: (403) 239 - 8489, e-mail: jacob_p@shaw.ca

***Contact person in USA***
The Rev. Dn. Mathew P. Idicula
8548 Wedge Wood Dr.
Burr Ridge, IL 60521, USA
Phone: 630-986-1195, Fax: 630-986-1261
e-mail: roychicago@hotmail.com

***Co-ordinators in USA***
Mr. Kuryan Thampy Jacob, Texas
Mr. Koshy George.,NewYork
Dr. George Joseph,Chicago
Dr. Thomas Koshy, Boston
Mr. Varghese K. David, New Jersey


## വായനക്കാരുടെ ശ്രദ്ധയ്ക്ക്

മാസികയുടെ ഓരോ ലക്കവും തലേമാസം കൃത്യം 28ന് കോട്ടയം ആർ.എം.എസ്. വഴി തപാലിൽ നിങ്ങൾക്കയച്ചു വരുന്നു. നിങ്ങളുടെ വിലാസത്തിൽ മാറ്റമുണ്ടെങ്കിൽ മാനേജരെ വിവരമറിയിക്കുമല്ലൊ.

### വരിസംഖ്യ

| | | | |
|---|---|---|---|
| ഒരു വർഷത്തേക്ക് | : 75/- രൂപ | (വിദേശത്തുള്ളവർക്ക് | US $15) |
| രണ്ടു വർഷത്തേക്ക് | : 140/- രൂപ | ( " | US $25) |
| മൂന്നു വർഷത്തേക്ക് | : 200/- രൂപ | ( " | US $40) |

സഭാ ശുശ്രൂഷകർക്ക് ഈ നിരക്കുകൾ യഥാക്രമം 60 രൂപ, 110 രൂപ, 150 രൂപ

| | | | |
|---|---|---|---|
| ലൈഫ് മെമ്പർഷിപ്പ് | : 1000/- രൂപ | ( " | US$200) |
| പേട്രൺ മെമ്പർഷിപ്പ് | : 10,000/- രൂപ | ( " | US $1000) |

### പണവും എഴുത്തുകളും അയയ്ക്കേണ്ട വിലാസം

**മാനേജർ, ന്യൂ വിഷൻ**
**മാങ്ങാനം, കോട്ടയം - 686 018**
Phone: 95481 - 2351841, Fax: 95481 - 2574987
e-mail: ktm_mandiram@sancharnet.in
*(ചെക്കുകൾ മുഖേന പണമയയ്ക്കുന്നവർ ബാങ്കു കമ്മിഷൻ കൂടെ ചേർക്കണം)*

**കോട്ടയത്തെ സി.എസ്.ഐ. ഡയോസിസൻ ബുക്കു ഡിപ്പോയിലും വരിസംഖ്യയൊടുക്കാവുന്നതാണ്.**

### പ്രസിധീകരണത്തിനുള്ള ലേഖനങ്ങൾ, പ്രതികരണങ്ങൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**ചീഫ് എഡിറ്റർ, ന്യൂ വിഷൻ**
**പുന്നയ്ക്കാട്, കോഴഞ്ചേരി - 689 652**
Phone/Fax: 0468 - 2214068
e-mail: mkoshy@satyam.net.in

### പരസ്യനിരക്കുകൾ

| | Full Page | Half Page | Quarter Page |
|---|---|---|---|
| Back Cover (outside) | Rs. 3000 | Rs. 2000 | Rs. 1200 |
| Back Cover (inside) | Rs. 2500 | Rs. 1500 | Rs. 1000 |
| Inner Pages | Rs. 2000 | Rs. 1000 | Rs. 800 |


**'NEW VISION FOR A CHANGING WORLD'** is an ecumenical magazine owned by Nava Darshan Trust, a public charitable Trust registered in 1999. This periodical, originally started in 1992 as a bimonthly entitled 'NEW VISION', has become a monthly since Feb. 2001. It serves as a forum for exchange of views and a source of inspiration for enlightened action. This publication is solely supported by the voluntary donations of its readers. Your contributions - intellectual and financial - are most welcome.


*Page Layout:* Learners' Kottayam, Tel: 95481 - 2567438

# C O N T E N T S


- **Resurrection** — 4
  മരണവും ഉയിർപ്പും
  *ഡോ. തോമസ് മാർ അത്താനാസ്യോസ്*
- **Political Affairs** — 5
  ഇൻഡ്യ തിളയ്ക്കുന്നു.
- **Leadership** — 6
  യേശുവിൽ ഞാൻ കാണുന്ന നേതൃത്വഗുണങ്ങൾ
  *സ്വാമിജി*
- **Church Affairs** — 7
  സഭയെങ്ങും യോജിച്ചാൽ
  *ഫാദർജി*
- **Social Ethics** — 9
  കലഹിക്കാൻ കാരണം തേടുന്നവർക്ക്
  *സിസ്റ്റർ ശോഭ*
- **Ecumenical** — 10
  **Christian Unity**
  *Dr. Rowan Williams*
- **Medical** — 11
  **Heart Disease in the Elderly**
  *Dr. George Jacob*
- **General** — 12
  സ്ത്രീസമത്വം
  *ഡോ. ജോർജ് എം. തോമസ്*
- **Psychology** — 13
  പരീക്ഷാ ജ്വരം
  *ജോർജ് ബഹനാൻ ടി.*
- **Literary Review** — 15
  പാർശ്വചിന്തകൾ
  *ഡോ. സി.ജെ. റോയ്*
- **Medical Ethics** — 16
  ചികിത്സ വേണ്ടുന്ന ചികിത്സാരംഗം
  *ഡോ. ജോസ് പാറക്കടവിൽ*
- **Short Story** — 17
  കരിയിലകൾ
- **Travel & Tour** — 18
  തീർത്ഥാടനത്തിനിടയിൽ
  *ഡോ. എബ്രഹാം കരിക്കം*
- **Hindutva** — 19
  ഹിന്ദുത്വസംസ്കാരവും മതസൗഹാർദ്ദവും
  *റവ. ഡോ. ഇ.സി. ജോൺ*
- **Ecology** — 20
  **A Meditation on Flowers**
  *Rev Dr. M.J. Joseph*
- **Glimpses** — 21
  കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ
  *ഡോ. കെ.വി. വർഗീസ്*
- **News & Responses** — 22


# E D I T O R I A L

## 'BE UNITED AND HAVE PEACE'



# സഭൈക്യം

സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമാ സഭകൾ കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇൻഡ്യ (സി.സി.ഐ) എന്ന പൊതുവായ പേരു സ്വീകരിച്ച് ഒരുമിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചത് ക്രൈസ്തവ സഭാചരിത്രത്തിലെ ശ്രദ്ധേയമായ ഒരു സംഭവമാണ്. വിവിധ സഭകൾ തങ്ങളുടെ പൂർവിക പാരമ്പര്യങ്ങളെല്ലാം വെടിഞ്ഞ് ദക്ഷിണേന്ത്യാസഭ(1947)യായും ഉത്തരേന്ത്യാസഭ(1974)യായും രൂപാന്തരം പ്രാപിച്ചത് സഭൈക്യചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ട സംഭവങ്ങളായിരുന്നു. പിന്നീടുണ്ടായ ദൈവശാസ്ത്രചർച്ചകളിൽ ഐക്യത്തിനുവേണ്ടി തങ്ങളുടെ സവിശേഷ ഗുണങ്ങൾ നശിപ്പിക്കുന്നത് ശരിയല്ലെന്ന വാദഗതി ശക്തി പ്രാപിക്കുകയുണ്ടായി. ഓരോ സഭയ്ക്കുമുള്ള സവിശേഷ പാരമ്പര്യങ്ങളും ഗുണങ്ങളും സംരക്ഷിക്കുകയും, ദൗത്യത്തിൽ ഒത്തൊരുമിച്ചു പ്രവർത്തിക്കുകയും ചെയ്യണമെന്ന ചിന്താഗതിയിൽ നിന്നു രൂപപ്പെട്ടതാണ് കൺസീലിയർ യൂണിറ്റി.

സി.എസ്.ഐ., സി.എൻ.ഐ., മാർത്തോമാ സഭകൾ കൺസീലിയർ യൂണിറ്റിയിലായി ജോയിന്റ് കൗൺസിലിനു രൂപം കൊടുത്തുവെങ്കിലും കാര്യമായ പുരോഗതിയൊന്നുമുണ്ടായില്ല. 2004 മാർച്ച് മാസത്തിൽ മൂന്നു സഭകളുടെയും പ്രതിനിധികൾ ആലുവയിൽ ചേർന്ന് കമ്യൂണിയൻ ഓഫ് ചർച്ചസ് ഇൻ ഇന്ത്യ എന്ന പേരിൽ ഒരുമിച്ചു പ്രവർത്തിക്കുവാൻ തീരുമാനിച്ചു. തിയോളജിക്കൽ, വർഷിപ്പ് ആൻഡ് മിഷൻ, സോഷ്യോ പോളിറ്റിക്കൽ എന്നിങ്ങനെ മൂന്നു കമ്മിഷനുകൾക്ക് രൂപം നൽകി പ്രവർത്തനങ്ങളാരംഭിച്ചു കഴിഞ്ഞു. മൂന്നു സഭകൾക്കുമായി തയാറാക്കിയ പൊതു ആരാധനാക്രമം പ്രസ്തുത സഭകളുടെ കമ്മിറ്റികൾ പഠിച്ചുകൊണ്ടിരിക്കയാണ്. പ്രാദേശിക, മേഖലാ തലങ്ങളിൽ ഒരുമിച്ചു പ്രവർത്തിക്കുവാൻ വേണ്ട ക്രമീകരണങ്ങളും ചെയ്തു കൊണ്ടിരിക്കുന്നു.

വിവിധ സഭകളായി ഭിന്നിച്ചു നിന്ന് ക്രൈസ്തവ സാക്ഷ്യം വികലമാക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതുപോലുള്ള സംരംഭങ്ങൾ ആശ്വാസം പകരുന്നതാണ്. ക്രൈസ്തവ സാക്ഷ്യം ഫലപ്രദമായി നിർവഹിക്കുവാൻ സഭകൾ ഒത്തൊരുമിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതിനുള്ള ഏതു ശ്രമവും അഭിനന്ദനാർഹമാണ്. സി.സി.ഐ.യുടെ രൂപവൽക്കരണത്തിനു മുൻകൈയെടുത്തവരെ അനുമോദിക്കുകയും സഭൈക്യശ്രമങ്ങൾക്ക് ഇത് കരുത്തേകട്ടെയെന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

*ചീഫ് എഡിറ്റർ*

# മരണവും ഉയിർപ്പും



ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത

**വ്യക്തിപരമായി പറഞ്ഞാൽ എനിക്ക് ഒത്തിരി വേദനകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഞങ്ങളുടെ സഭ രണ്ടു ഗ്രൂപ്പാണ്. പാത്രിയർക്കീസ് കക്ഷിയാണു ഞാൻ. സഭകൾ തമ്മിലുള്ള കേസും മറ്റും ഞങ്ങളാരും ഉണ്ടാക്കിയതല്ല. അത് വന്നുപെട്ടതാണ്. യാക്കോബായ സഭകൾ തമ്മിൽ അനുരഞ്ജനശ്രമങ്ങൾ നടന്നെങ്കിലും അതൊന്നും ഫലം കണ്ടില്ല. കോടതിവിധി വന്നപ്പോൾ ഐക്യത്തിനുവേണ്ടി ഞങ്ങളിൽ ചിലർ ശ്രമിച്ചു. തമ്മിൽത്തല്ലുന്ന സാഹചര്യത്തിൽ നമുക്കു സാക്ഷ്യം നൽകാനാവില്ല. പക്ഷേ, ഐക്യപ്പെടാതെ തന്നെ സഭ രണ്ടായി നിലനിൽക്കണമെന്ന ആശയമാണുയർന്നുവന്നത്. സഭയിൽ യോജിപ്പുണ്ടാകണമെന്നു പറഞ്ഞതുകൊണ്ട് ഞങ്ങളെ പുറത്താക്കി.**

ദൈവികപദ്ധതിയുടെ ഭാഗവും സൃഷ്ടിയുടെ വീണ്ടെടുപ്പിന്റെ അനിവാര്യതയുമായി ബന്ധപ്പെട്ടാണ് യേശുവിന്റെ മരണവും ഉത്ഥാനവും വ്യാഖ്യാനിക്കപ്പെടുന്നത്. നിലവിലുണ്ടായിരുന്ന മൂല്യങ്ങളോടു യോജിക്കാതെ ഒരു ബദൽ ജീവിതത്തിനു ശ്രമിച്ചവനാണ് ക്രിസ്തു. ദൈവരാജ്യമെന്നു പറയുന്നത് ഈ ബദൽ ജീവിതരീതിയാണ്. സമൂഹത്തിൽ തഴയപ്പെട്ടവരെ ആശ്ലേഷിച്ചതുകൊണ്ടും സമൂഹത്തിലെ ജീർണതകൾക്കു നേരെ വിരൽ ചൂണ്ടിയതുകൊണ്ടുമാണു യേശു അധികാരവർഗത്തിന്റെ കണ്ണിലെ കരടായത്. താൻ ഉൾപ്പെട്ട മതസമൂഹത്തിലെ പാളിച്ചകൾ യേശു തുറന്നുകാട്ടി. വിമർശനബുദ്ധിയോടെ പ്രവർത്തിക്കാനുള്ള ആഹ്വാനമാണ് ഇതു നൽകുന്നത്.

പക്ഷേ, ഇന്നു സഭകൾ തങ്ങളുടെ സംരക്ഷണവും താൽപ്പര്യവും മാത്രം കാംക്ഷിക്കുന്നു. അവിടെ വിമോചന താൽപ്പര്യം നഷ്ടപ്പെട്ടുപോകുന്നു. അതുകൊണ്ടുതന്നെ ഇന്നത്തെ സംസ്കാരങ്ങൾ സഭയിലേക്കു കടന്നുകയറുന്നു. എന്നാൽ, കാലികമായ വ്യതിയാനങ്ങൾ വരുത്തി പുതിയ കാഴ്ചപ്പാടുകൾ സ്വരൂപിക്കാൻ നമുക്കു കഴിയണം. അനുഗുണമായ കാര്യങ്ങളിൽ മാത്രമാണു സഭ താൽപ്പര്യം കാണിക്കുന്നത്. അതിനാൽ, സഭാതാൽപ്പര്യപ്രകാരമുള്ള ഒരു ക്രിസ്തുവിനെയാണു നാം അവതരിപ്പിക്കുന്നത്. അവിടെ ക്രിസ്തു വളരെയധികം ആത്മീയവൽക്കരിക്കപ്പെടുകയും വിഗ്രഹമാക്കപ്പെടുകയും ചെയ്യുന്നു. ഇന്ന് മനുഷ്യന്റെ അടിസ്ഥാനയാവശ്യങ്ങൾ നിഷേധിക്കപ്പെടുന്ന ഒരു സാഹചര്യമാണുള്ളത്. അനീതി നിറഞ്ഞ സമൂഹം. അവിടെ ക്രിസ്തുവിന്റെ വിമോചന സുവിശേഷം സഭയ്ക്കു പ്രകടിപ്പിക്കുവാൻ സാധിക്കുന്നില്ല. സാമൂഹികസേവനരംഗത്ത് സ്കൂളും കോളജും ആശുപത്രിയും മറ്റും നടത്തുമ്പോഴും അതൊക്കെ നമ്മുടെ അധീശത്വബന്ധം നിലനിർത്താനുള്ള ഉപാധിയാക്കുകയാണ്. തള്ളപ്പെട്ടവർക്കും അധഃസ്ഥിതർക്കും വേണ്ടിയാണോ അവയെല്ലാം? എന്നാൽ ഈ അധീശത്വചിന്തയ്ക്കെതിരായിരുന്നു യേശു. സാധുക്കൾ, കുഷ്ഠരോഗികൾ, വേശ്യകൾ തുടങ്ങിയ അധഃസ്ഥിതവിഭാഗക്കാരുമായി ചങ്ങാത്തം കൂടിയവനാണു ക്രിസ്തു. ***അടിച്ചമർത്തപ്പെട്ടവരെയും അവഗണിക്കപ്പെട്ട സ്ത്രീകളെയും യേശു ആശ്വസിപ്പിക്കുന്നുണ്ട്. എല്ലാത്തരത്തിലും ഒരു ബദൽ ശബ്ദമായിരുന്നു യേശുവിന്റേത്.***

പിതാവിനോടുള്ള വിധേയത്വം യേശു പ്രദർശിപ്പിച്ചിരുന്നു. നിലവിലിരുന്ന ക്രമരാഹിത്യത്തെ വെല്ലുവിളിക്കാൻ യേശുവിനു പ്രേരണ നൽകിയത് അതാണ്. ഈ നിയോഗബോധം ഇന്നത്തെ സഭയിലും ഉണ്ടാകണം. ഇന്ന് പണ്ടത്തെ അപേക്ഷിച്ചു പ്രാർത്ഥന വളരെയധികമായുണ്ട്. പക്ഷേ, സുരക്ഷിതത്വബോധമില്ലായ്മയാണ് ഇതിൽ തെളിയുന്നത്. മനുഷ്യന്റെ ഭൗതികസമ്പാദ്യങ്ങളും നേട്ടങ്ങളും സംരക്ഷിക്കുന്നതിനു ദൈവികാനുഗ്രഹങ്ങൾ ആവശ്യമാണെന്നു കരുതുന്ന സമൂഹമാണിന്നുള്ളത്. സന്തോഷകരമായ ജീവിതമാണു ദൈവാനുഗ്രഹത്തിന്റെ മാനദണ്ഡമെന്നു ചിന്തിക്കുകയാണ് പലരും. കുരിശെടുക്കാൻ തയാറാകുന്നില്ല. ഭയവും നിലനിൽപ്പിനെപ്പറ്റിയുള്ള ആകുലതകളുമാണു നമ്മുടെ പ്രാർത്ഥനയ്ക്കു ഹേതുവാകുന്നതെങ്കിൽ അതിൽ ആത്മീയ യുക്തിയില്ല. അതു ദൈവസന്നിധിയിൽ സ്വീകാര്യമാവുകയുമില്ല. ഇങ്ങനെയുള്ള പ്രാർത്ഥനകൾ വ്യക്തിജീവിതത്തിലോ സമൂഹ-മതജീവിതത്തിലോ ധാർമികമായി ഒരു പരിവർത്തനവും വരുത്തുന്നില്ല. അതിനാൽ, ഈ പ്രാർത്ഥനയ്ക്കു വളരെ കുറഞ്ഞ സ്വാധീനം മാത്രമേയുള്ളൂ.

*(ശേഷം പേജ് 6)*



# ഇന്ത്യ തിളയ്ക്കുന്നു

കാശിനുകൊള്ളാത്ത ഉൽപ്പന്നങ്ങൾ ജനങ്ങളെ കബളിപ്പിച്ചു വിറ്റഴിക്കാൻ വൻകിട കമ്പനികൾ കാശു മുടക്കി പരസ്യങ്ങൾ ചെയ്യുന്നതുപോലെ, ഗതികെട്ട പല രാഷ്ട്രീയപാർട്ടികളും തങ്ങളുടെ കഴിവുകേട് മറച്ചുവച്ചുകൊണ്ട് തിരഞ്ഞെടുപ്പിനോടടുത്ത ഈ നാളുകളിൽ ജനങ്ങളെ കഴുതകളാക്കുന്ന പുതിയ പരസ്യതന്ത്രങ്ങളുമായി രംഗത്തെത്തിയിരിക്കുകയാണ്. അവയിൽ കുപ്രസിദ്ധമായ ഒരു പരസ്യവാചകമിതാ-"ഇന്ത്യ തിളങ്ങുന്നു." അത്യാകർഷകമായ ശൈലിയിലൂടെ കോടിക്കണക്കിനു രൂപ മുടക്കിയാണ് ഈ തിളക്കം ജനങ്ങളെ അറിയിച്ചുകൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ ഇവിടെ തിളങ്ങുന്നത് ഈ പരസ്യങ്ങളിലൂടെ അപ്രതീക്ഷിതവരുമാനമുണ്ടാക്കുന്ന പരസ്യക്കമ്പനികളും പത്രമുതലാളിമാരുമാണ്. അഥവ, ഇപ്പറയുന്ന തിളക്കമുണ്ടെങ്കിൽത്തന്നെ അത് പരസ്യങ്ങളിലൂടെയും, അതിലഭിനയിക്കുന്ന മോഡലുകളിലൂടെയും ജനങ്ങളെ അറിയിക്കേണ്ട ഒരു കാര്യമാണോ-അതോ-ജീവിതത്തിന്റെ യഥാർത്ഥ വേദികളിൽ നിന്ന് ജനങ്ങൾ സ്വയം തിരിച്ചറിയേണ്ട ഒരു കാര്യമാണോ? രണ്ടാമത്തേതാണ് കരണീയമെന്നിരിക്കെ ഒന്നാമത്തെ മാർഗ്ഗം സ്വീകരിച്ചിരിക്കുന്നത് അസത്യാവസ്ഥയുടെ പുക്കമറ സൃഷ്ടിക്കാനല്ലാതെ പിന്നെന്തിനാണ്? ഇന്ത്യ തിളങ്ങുന്നുവെന്ന് തുടർച്ചയായി പറഞ്ഞുകൊണ്ടിരുന്നാൽ തിളങ്ങിക്കൊള്ളുമെന്ന് വിചാരിക്കുന്ന ഇവിടുത്തെ രാഷ്ട്രീയ മേലാളൻമാർ ഒരു കാര്യം മനസ്സിലാക്കണം. ഇന്ത്യ തിളങ്ങണമെന്നുണ്ടെങ്കിൽ ഈ രാജ്യത്തെ ഭൂരിഭാഗം വരുന്ന ദരിദ്രവിഭാഗങ്ങളുടെ പട്ടിണി മാറണം, യുവജനങ്ങളുടെ തൊഴിലില്ലായ്മ മാറണം, എന്തിനും ഏതിനുമുള്ള വർഗ്ഗീയചിന്താഗതി മാറണം, രാഷ്ട്രീയപാർട്ടികളുടെ പ്രവർത്തനശൈലി മാറണം, പൊതുജീവിതത്തിലെ അഴിമതി മാറണം. ഇന്ത്യ തിളങ്ങണമെന്നുണ്ടെങ്കിൽ തിളക്കമുള്ള നേതാക്കൻമാരുണ്ടാകണം, അവർക്ക് തിളക്കമുള്ള ദർശനങ്ങളുണ്ടാകണം, അതിന്റെ അടിസ്ഥാനത്തിൽ തിളക്കമുള്ള കർമ്മപദ്ധതികളുണ്ടാകണം. അല്ലാതെ, അണുബോംബുണ്ടാക്കിയതുകൊണ്ടോ, യുദ്ധം ചെയ്തതുകൊണ്ടോ, ക്രിക്കറ്റിൽ ജയിച്ചതുകൊണ്ടോ മാത്രം ഇന്ത്യ തിളങ്ങില്ല. അപ്പോൾ, ഇന്ത്യയ്ക്ക് തിളക്കമാർന്ന നേട്ടങ്ങളൊന്നുമില്ലേയെന്നു ചോദിച്ചേക്കാം. തീർച്ചയായുമുണ്ട്. പക്ഷേ അത് രാഷ്ട്രീയപാർട്ടികളുടെ മിടുക്കുകൊണ്ടുണ്ടായവയല്ല. ഇന്ത്യാക്കാരായ ചില പ്രഗത്ഭമതികൾ തങ്ങളുടെ സ്വന്തം കഴിവുകൊണ്ട് വിവിധ രംഗങ്ങളിൽ നേടിയെടുത്തതാണ്. ആത്മീയ, സാംസ്കാരിക, സാമൂഹിക, വ്യാവസായിക, സാങ്കേതിക, ശാസ്ത്ര രംഗങ്ങളിലൊക്കെ ഈ നേട്ടങ്ങളുണ്ട്. നിസ്തുലമായ ഉൾക്കാഴ്ചകൊണ്ടും നിരന്തരമായ അദ്ധ്വാനംകൊണ്ടും മഹാൻമാരായി തീർന്ന ഇത്തരം വ്യക്തികളെ രാഷ്ട്രീയ പാർട്ടികൾ ദുരുപയോഗം ചെയ്യുന്നുണ്ടെന്നുള്ളതല്ലാതെ രാഷ്ട്രീയപാർട്ടികളുമായി അവർക്ക് യാതൊരു ബന്ധവുമില്ല. അവരുടെ പേരിൽ ഇവിടെയാരും തിളങ്ങേണ്ട കാര്യവുമില്ല.

അയഥാർത്ഥങ്ങളായ പരസ്യതന്ത്രങ്ങൾകൊണ്ട് ജനങ്ങളെ തെറ്റിദ്ധരിപ്പിച്ച് അധികാരം നേടിയെടുക്കാൻ നടത്തുന്ന ശ്രമം രാഷ്ട്രീയ ധാർമികതയ്ക്കു നിരക്കുന്നതല്ല. ഇത് ഏതെങ്കിലുമൊരു രാഷ്ട്രീയ പാർട്ടിയുടെ മാത്രം സ്ഥിതിയല്ല. അധികാരം കൈപ്പിടിയിലൊതുക്കാൻ എല്ലാവരും സ്വീകരിക്കുന്നത് കുറുക്കുവഴിയാണ്. അധികാരം ആർക്കു കിട്ടിയാലും ഇന്ത്യയുടെ ഇന്നത്തെ രാഷ്ട്രീയ സംവിധാനത്തിൽ ഭൂരിഭാഗം ജനങ്ങൾക്കും വലിയ പ്രയോജനമൊന്നുമുണ്ടാകാൻ പോകുന്നില്ല. അത്തരമൊരു പ്രതീക്ഷ ജനങ്ങൾക്കില്ല താനും. ചക്കിയായാലും ചങ്കരനായാലും കണക്കുതന്നെ. തട്ടിക്കൂട്ടിയ രാഷ്ട്രീയ പാർട്ടികളും, ഏച്ചുവച്ച മുന്നണികളും, അധികാരം കിട്ടുന്നതനുസരിച്ച് നാണമില്ലാതെ കാലുമാറി ജീവിക്കുന്ന നേതാക്കന്മാരുമെല്ലാം കൂടി ഇന്ത്യാമഹാരാജ്യത്തിന്റെ പരമ്പരാഗതമായ തിളക്കം നഷ്ടപ്പെടുത്തിയിരിക്കുകയാണ്. പക്ഷേ അതിനു പകരം ഇന്ന് ഇന്ത്യ തിളയ്ക്കുകയാണ്-വർഗീയതയുടെ, ജാതീയതയുടെ, വംശീയതയുടെ, ഭീകരതയുടെ ശാപാഗ്നിയിൽ.

**ഇന്ത്യ തിളങ്ങണമെന്നുണ്ടെങ്കിൽ തിളക്കമുള്ള നേതാക്കൻമാരുണ്ടാകണം, അവർക്ക് തിളക്കമുള്ള ദർശനങ്ങളുണ്ടാകണം, അതിന്റെ അടിസ്ഥാനത്തിൽ തിളക്കമുള്ള കർമ്മപദ്ധതികളുണ്ടാകണം.**

*(കടപ്പാട്)*

# യേശുവിൽ ഞാൻ കാണുന്ന നേതൃത്വഗുണങ്ങൾ

സ്വാമിജി

ഗുണമേന്മയുള്ളവനേ നേതാവാകാൻ പറ്റൂ. നേതൃത്വഗുണങ്ങൾ പലതാണ്. അവയുടെ ആഴവും പരപ്പും അനുസരിച്ചായിരിക്കും നേതാക്കൾക്ക് ജനങ്ങളുടെ മേലുള്ള സ്വാധീനം. ചില രാഷ്ട്രീയ-മത നേതാക്കന്മാർ പെട്ടെന്ന് ഉയർന്നു വരുന്നതും അതുപോലെ താഴോട്ടു പോകുന്നതും നാം കാണാറില്ലേ? നേതൃത്വഗുണങ്ങൾക്ക് വേണ്ടത്ര ആഴമില്ലെങ്കിൽ അണികളെ ദീർഘകാലം കൂടെനിർത്താനാവില്ല. രാഷ്ട്രീയനേതാക്കളും മത നേതാക്കളും തമ്മിൽ ഗുണപരമായ വ്യത്യാസമുണ്ട്. രാഷ്ട്രീയ നേതൃത്വം ഭൗതികതയിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. മതനേതൃത്വം ആത്മീയതയിലും. മനസ്സിനു രൂപാന്തരം വരുത്തുവാൻ മതനേതാക്കൾക്കേ സാധിക്കൂ. മതനേതാക്കളെ മനസ്സിലാക്കുവാൻ ശ്രമിക്കുമ്പോൾ അവരുടെ നേതൃത്വഗുണങ്ങൾ നമുക്ക് വെളിപ്പെടും. ജനങ്ങളെ അവ എത്രമാത്രം സ്വാധീനിച്ചുവെന്നു പഠിക്കുവാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. യേശുവിൽ ദർശിച്ച നേതൃത്വഗുണങ്ങളെക്കുറിച്ചു ഒരു പരമ്പരയെഴുതുവാൻ ഞാൻ ഉദ്യമിക്കുകയാണ്. ദിവസേന വേദപുസ്തകം വായിക്കുന്ന നിങ്ങൾ കാണാത്ത പലകാര്യങ്ങളും എനിക്ക് യേശുവിൽ കാണുവാൻ സാധിച്ചു. അവ ന്യൂ വിഷൻ വായനക്കാരുമായി പങ്കിടുവാൻ ഞാനാഗ്രഹിക്കുന്നു.

മൂന്നു തരത്തിലുള്ള മാനേജ്മെന്റ് ശൈലിയുണ്ട്. പുരുഷത്വ ഗുണങ്ങളുള്ളതാണ് ആൽഫ മാനേജ്മെന്റ് -അധികാരമുപയോഗിച്ച് തന്റേടത്തോടെ കാര്യങ്ങൾ ചെയ്യുന്ന ശൈലി. സ്ത്രീത്വഗുണങ്ങളിൽ അടിസ്ഥാനപ്പെട്ടതാണ് ബീറ്റ മാനേജ്മെന്റ് -സഹകരണത്തിലൂടെ അധികാരം പ്രയോഗിക്കുന്ന ശൈലി. മുകളിൽ പറഞ്ഞതു രണ്ടും ഒന്നിച്ചു ചേരുന്നതാണ് ഒമേഗ മാനേജ്മെന്റ്. ഈ ശൈലിയാണ് യേശു ജീവിതത്തിലുടനീളം അനുവർത്തിച്ചത്.

**വിദ്യാഭ്യാസ പശ്ചാത്തലം അത്ര കേമമൊന്നുമല്ലാത്ത യേശുവിന്റെ ശിഷ്യന്മാർക്ക് എങ്ങനെയാണ് ലോകത്തെ സ്വാധീനിക്കുവാൻ സാധിച്ചത്? യേശുവിന്റെ ഒമേഗ നേതൃത്വഗുണങ്ങളാണ് അതിനടിസ്ഥാനം. എന്താണവയെന്നറിയാൻ അടുത്ത ലക്കങ്ങൾ കാത്തിരിക്കുക.**

## മരണവും ഉയിർപ്പും (പേജ് 4 തുടർച്ച)

പ്രാർത്ഥനയും ആരാധനയും എല്ലാ സഭകളിലുമുണ്ടെങ്കിലും അതിലൂടെയുള്ള പരിവർത്തനം യഥാർത്ഥത്തിൽ നടക്കുന്നില്ല. വൈകാരിക തലത്തിൽ മാത്രം മതജീവിതത്തെ കാണുകയും അതിൽ സായൂജ്യമടയുകയും ചെയ്യുന്ന ഉപരിതലസ്പർശിയായ സാഹചര്യം ഇവിടെയുണ്ട്. വ്യക്തി ജീവിതത്തിൽ ചുറ്റുപാടുകളുടെ സമ്മർദ്ദങ്ങൾ ധാരാളമുണ്ടാകും. നിലവിലിരിക്കുന്ന സാമൂഹിക-സാമ്പത്തിക-മതവ്യവസ്ഥിതികളിൽ പുരോഗമനപരമായ നിലപാടുകൾ സ്വീകരിക്കാനും നീതിക്കുവേണ്ടി പോരാടാനും ശ്രമിക്കുമ്പോൾ ധാരാളം കുരിശുകളുണ്ടാകും. **നിലവിലുള്ള ധാരണകൾക്കും മൂല്യങ്ങൾക്കും വിരുദ്ധമായ നിലപാടിൽ ദൈവികപ്രേരണയോടെ പ്രവർത്തിക്കാൻ തയാറാകുമ്പോളുണ്ടാകുന്ന സഹനം ജീവിതത്തിലെ കുരിശാണ്.**

സുവിശേഷത്തിന്റെ താൽപ്പര്യങ്ങൾക്കു വേണ്ടിയുള്ള ഏറ്റുമുട്ടലുകളിലൂടെയാണു ക്രിസ്തുവിന്റെ സാന്നിദ്ധ്യം ഇന്നു ലോകത്തിൽ വെല്ലുവിളിയാകേണ്ടത്. ക്രിസ്തുവിന്റെ പീഡാനുഭവം ഒരു വിശ്വാസിയിൽ സാക്ഷാത്കരിക്കപ്പെടുന്നത് കർത്താവിനെ സഹനമാർഗത്തിൽ അനുഭവിക്കുമ്പോഴാണ്. എന്നാൽ, സഭയിൽ നിലവിലിരിക്കുന്ന സംവിധാനങ്ങളെ വെല്ലുവിളിക്കുകയും, ഒപ്പം, സഭയിൽ ശുശ്രൂഷ ചെയ്യുകയും ചെയ്യുന്നതിൽ വൈരുദ്ധ്യമില്ലേ എന്നു ചോദിച്ചേക്കാം. ഉണ്ട്; പക്ഷേ, നിലവിലുള്ള ശുശ്രൂഷയെ ക്രിസ്തുവിന്റെ താൽപ്പര്യപ്രകാരമുള്ള ശുശ്രൂഷയാക്കി പരുവപ്പെടുത്തിയെടുക്കാനുള്ള ശ്രമമാകണമത്. രണ്ടായിരം വർഷങ്ങളായി നിലനിൽക്കുന്ന സാഹചര്യങ്ങളിൽ ഉൾച്ചേർന്നുകൊണ്ട് ഒരു പുനഃക്രമീകരണം സാദ്ധ്യമാകുമോയെന്ന അന്വേഷണമാണത്. ഇതിനു ശ്രമിച്ചാൽ വേദനകളും പ്രയാസങ്ങളുമുണ്ടാകും. വ്യക്തിപരമായി പറഞ്ഞാൽ എനിക്ക് ഒത്തിരി വേദനകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. ഞങ്ങളുടെ സഭ രണ്ടു ഗ്രൂപ്പാണ്. പാത്രിയർക്കീസ് കക്ഷിയാണു ഞാൻ. സഭകൾ തമ്മിലുള്ള കേസും മറ്റും ഞങ്ങളാരും ഉണ്ടാക്കിയതല്ല. അത് വന്നുപെട്ടതാണ്. യാക്കോബായ സഭകൾ തമ്മിൽ അനുരഞ്ജനശ്രമങ്ങൾ നടന്നെങ്കിലും അതൊന്നും ഫലം കണ്ടില്ല. കോടതിവിധി വന്നപ്പോൾ ഐക്യത്തിനുവേണ്ടി ഞങ്ങളിൽ ചിലർ ശ്രമിച്ചു. തമ്മിൽത്തല്ലുന്ന സാഹചര്യത്തിൽ നമുക്കു സാക്ഷ്യം നൽകാനാവില്ല. പക്ഷേ, ഐക്യപ്പെടാതെ തന്നെ സഭ രണ്ടായി നിലനിൽക്കണമെന്ന ആശയമാണുയർന്നുവന്നത്. സഭയിൽ യോജിപ്പുണ്ടാകണമെന്നു പറഞ്ഞതുകൊണ്ട് ഞങ്ങളെ പുറത്താക്കി. നിർണായകഘട്ടത്തിൽ സഭൈക്യത്തിനുവേണ്ടി ശ്രമിച്ചതിനാൽ എനിക്ക് ഒത്തിരി പ്രയാസങ്ങൾ അനുഭവിക്കേണ്ടിവന്നു. എന്നാൽ എല്ലാ വേദനകൾക്കും മുറിവുകൾക്കും ശേഷം ഒരു ഉയിർപ്പുണ്ട്. വീണ്ടെടുപ്പും രക്ഷയുടെ സാക്ഷാത്കാരവും നടക്കുമെന്ന ബോദ്ധ്യമാണത്.

***ഇന്ന് ഏതെങ്കിലും വ്യക്തിയോ സമൂഹമോ അനീതിയും വേദനയും അനുഭവിക്കുന്നുണ്ടെങ്കിൽ അതു ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പങ്കുചേരലാണ്. ഈ അനുഭവത്തിലാണു നാമെങ്കിൽ നമ്മെ സംബന്ധിച്ചിടത്തോളം ഒരു വീണ്ടെടുപ്പുണ്ട്. ഈ പ്രത്യാശയും പ്രതീക്ഷയുമില്ലെങ്കിൽ ജീവിതത്തിലെ കടുത്ത പരീക്ഷകൾ അതിജീവിക്കാൻ കഴിയാതെ വരും.*** ക്രിസ്തുവിലൂടെ രക്ഷ എന്നു പറയുമ്പോൾ സഹനം അതിൽ പ്രധാനപ്പെട്ടതാണ്. കാരണം, യേശുവിന്റെ ജനനം മുതൽ നാം കാണുന്നതു കുരിശുകളാണ്; വേദനയാണ്. ആ സഹനത്തിലൂടെയാണ് യേശുവിനോടു നാം ഐക്യദാർഢ്യം പ്രഖ്യാപിക്കേണ്ടത്. പാപകരമായ സാഹചര്യങ്ങളോടുള്ള എതിർപ്പായിരുന്നു ക്രിസ്തുവിന്റെ സഹനം. ഇത് ഇന്നും സംഗതമാണ്. പാപകരമായ വ്യവസ്ഥിതികളെ അംഗീകരിക്കാൻ വിസമ്മതിക്കുന്നവർക്ക് നഷ്ടങ്ങളുണ്ടാകും. കുരിശുകളും വേദനകളും അവരെ കാത്തിരിക്കുകയാണ്. ●

# സഭയെങ്ങും യോജിച്ചാൽ...

ഫാദർജി

സഭ യോജിക്കുന്നതിനോട് എനിക്കു യോജിപ്പില്ല. ദേവലോകംകാരോട് പ്രത്യേക വൈരാഗ്യമുള്ളതുകൊണ്ടല്ല. പാത്രിയർക്കീസുകാർ അത്ര നല്ലവരായതുകൊണ്ടുമല്ല. ഇനിയൊരു യോജിപ്പിലൂടെ നേതാക്കന്മാർ കാട്ടിക്കൂട്ടുവാൻ പോകുന്ന വിക്രിയ കണ്ടുനിൽക്കാൻ വയ്യ; അഞ്ചുകൊല്ലത്തിനുള്ളിൽ കേസും പുക്കാറുമായി കൊടിപിടിക്കാൻ വയ്യ; രണ്ടും യോജിച്ച് ഒരു വലിയ സഭയാകുമ്പോഴുണ്ടാകുന്ന അധികാര കേന്ദ്രീകരണവും ആത്മീയ തണുപ്പും കണ്ടുനിൽക്കുവാൻ വയ്യ. സഭ വീണ്ടും യോജിച്ചാൽപ്പിന്നെ എന്റെ മുമ്പിൽ രണ്ടു വഴികളേ ഉള്ളൂ. ഒന്ന്, എന്നിലേക്ക് വീണ്ടും ചുരുങ്ങിക്കൂടി ചുഴിയും തിരയുമുള്ള മതത്തിന്റെ ഉപരിതലത്തിൽനിന്ന് ആഴത്തിലേക്ക് ഊളിയിട്ട് അപ്രത്യക്ഷനാകുക. രണ്ട്, മറ്റൊരു സഭ സ്ഥാപിക്കുക. മിക്കവാറും ഒന്നാമത്തെ പരിണാമം സംഭവിക്കാനാണു സാദ്ധ്യത. അല്ലെങ്കിലും അച്ചൻ മാത്രം വിചാരിച്ചാൽ ഒരു സഭ സ്ഥാപിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല!

ചുമ്മാതങ്ങനെ വെല്ലുവിളിക്കാതെ, മിസ്റ്റർ. എന്നെ സംബന്ധിച്ചിടത്തോളം ഒരു സഭ സ്ഥാപിക്കാൻ രണ്ടു മണിക്കൂർ മതി. ഒരു മുറി ക്ലീൻ ചെയ്ത് ഒരു മേശയും കസേരയുമിട്ട് ഭിത്തിയിൽ ഒരു മരക്കുരിശു തൂക്കാനുള്ള സമയമാണീ രണ്ടു മണിക്കൂർ. ഒരു ഭദ്രാസനം 'ഭരിച്ചു' കൊണ്ടു പോകുവാൻ ഒരു തിരുമേനിയും പത്തുനൂറ് അച്ചൻമാരും കൗൺസിലംഗങ്ങളും മറ്റു പള്ളിപ്രമാണികളും പെടാപ്പാടു പെടുമ്പോഴാണ് ഞാൻ തന്നെ സഭ ഭരിക്കുന്ന കാര്യം പറയുന്നത്. അതും അരമനയിലിരുന്നല്ല, ഒരു സിങ്കിൾ റൂമിലിരുന്ന്!

***ഫാദറെങ്ങനെയാണ് സഭ സ്ഥാപിക്കുന്നത്?***

സംഗതി വളരെ ലളിതം, സുഹൃത്തേ. വെങ്ങോലക്കവലയിൽ കമ്പനിപ്പടിയ്ക്കടുത്തുള്ള എന്റെ എസ്റ്റേറ്റിന്റെ മുമ്പിൽ ഒരു ബോർഡ് വയ്ക്കുന്നു.

***എന്തു ബോർഡ്?***

'ദ യാക്കോബായ സഭ'

***'അഖില മലങ്കര', 'കിഴക്കൊക്കെ' തുടങ്ങിയ തലയും വാലുമൊന്നുമില്ലേ?***

ഒന്നുമില്ല.

***എന്നിട്ട്?***

സഭയുടെ ആസ്ഥാനം അവിടെയായിരിക്കും. ഞാൻ ലീഡറും, എന്റെ മുറിയിലിരിക്കാനൊരു കസേരയും അത്യാവശ്യം ഫർണിച്ചറും ഒരു പേഴ്സണൽ കമ്പ്യൂട്ടറും ഒരു ഫാക്സും. പിന്നെ ഒരു സെക്രട്ടറി. സഭ റെഡി!

***അപ്പോൾ അച്ചന്മാർ, തിരുമേനിമാർ, പള്ളി, സെമിത്തേരി, പൊൻകുരിശ്, വെള്ളിക്കുരിശ്, സിനഡ്, ഭരണഘടന, പള്ളിപ്രതിപുരുഷയോഗം, സണ്ടേ സ്കൂൾ, യൂത്ത്ലീഗ്, മർത്തമറിയം വനിതാസമാജം....വിശ്വാസസംരക്ഷണം....ഇതൊക്കെയില്ലാതെ ഒരു സഭയോ? ചിന്തിക്കാനേ വയ്യ.***

അയ്യോ, നിരാശപ്പെടാതെ. എല്ലാം ശരിയാക്കാമെന്നേ. പുതിയ സഭയ്ക്ക് നിലവിലുള്ള സഭയുടെ സത്തുകളിലോ സ്ഥാനമാനങ്ങളിലോ യാതൊരു അവകാശവാദങ്ങളും ഉണ്ടാകില്ല. പക്ഷേ അന്ത്യോഖ്യയെ മറക്കൂലാ. അത് ഇപ്പോഴത്തെ ശീമക്കാരോടുള്ള അമിതഭക്തി കൊണ്ടൊന്നുമല്ല. അവിടുത്തെ പൂർവികരായ പിതാക്കന്മാരുടെ മിസ്റ്റിക് വ്യക്തിത്വത്തോടുള്ള ബഹുമാനം കൊണ്ടാണ്. വർഷങ്ങൾ രണ്ടായിരം കഴിഞ്ഞിട്ടും ഇൻഡ്യയിലെ കടിപിടി കൂടുന്ന രണ്ടുകക്ഷികൾക്കും അവർ പഠിപ്പിച്ചതിനേക്കാൾ മെച്ചപ്പെട്ട ആരാധനാ ശൈലി ചിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ? കുറെ സന്ദർഭോചിത പ്രാർത്ഥന (എൻട്രൻസിനും മൃഷ്ടാന്നഭോജനത്തിനുമുള്ളത്) ഉണ്ടാക്കാൻ കഴിഞ്ഞതൊഴിച്ച് ആത്മീയ ജീവിതശൈലിയിൽ എന്തുചെയ്യാൻ ഇവിടുത്തെ മാന്യന്മാർക്കു കഴിഞ്ഞിട്ടുണ്ട്? (ഭരണഘടനയും ഭദ്രാസനങ്ങളും ഏറെ ഉണ്ടാക്കിയെന്നതു നേര്). നമുക്ക് ആ പാരമ്പര്യത്തോട് അത്രയ്ക്ക് കടപ്പാടുണ്ട്. അത് പുതിയ സഭയ്ക്കുമുണ്ടായിരിക്കും. പ്രത്യേകം ശ്രദ്ധിക്കുക. കടപ്പാടു മാത്രം.

***അപ്പോൾ നിങ്ങളുടെ സഭ ഒരു ഒറ്റയാൻ കസർത്തു പരിപാടിയാണ്, അല്ലേ?***

അല്ല. സഭയ്ക്ക് ആഗോളതലത്തിൽ വിശ്വാസികളുണ്ടാകും. കൂട്ടായ്മയുണ്ടാകും. പക്ഷേ സ്വത്തും ബാങ്ക് ബാലൻസുമുണ്ടാകില്ല. ആരാധിക്കുന്ന സമൂഹത്തെയാണു കെട്ടിപ്പടുക്കുക. മർക്കോസിന്റെ (വാടകയ്ക്കെടുത്ത) മാളികയിലായിരുന്നല്ലോ ഈ സഭയുടെ തുടക്കം. ആ തച്ചൻ വിചാരിച്ചിട്ട് കേവലം മുടക്കുഴ ചാപ്പലിന്റെ പരുവത്തിലൊരു ദേവാലായം പോലും തട്ടിക്കൂട്ടാൻ കഴിഞ്ഞോ? വിചാരിച്ചാൽ സാധിക്കാഞ്ഞിട്ടല്ല. വേണ്ടെന്നു വച്ചിട്ടാണ്. സ്വന്തം മനസ്സിൽ ആലയമുള്ളവർക്കെന്തിന് കല്ലും മണ്ണും കൊണ്ട് തീർത്ത ഫൊറോന!

***ഓ, അതു ശരി, പെന്തക്കോസ്ത് സ്റ്റൈലിലേക്കാണു നീക്കം അല്ലേ? പള്ളീം പട്ടക്കാരും ആരാധനയുമില്ലാത്ത ഒരു നൂതനസഭ.***

അല്ല സുഹൃത്തേ, അല്ല. ആരാധനയും പട്ടക്കാരും ഓർത്തഡോക്സ് പാരമ്പര്യവുമെല്ലാം പുതിയ സഭയിലുമുണ്ടാകും. ഓർത്തഡോക്സ് പാരമ്പര്യത്തിൽ നമ്മൾ മറന്നുകളഞ്ഞ രാക്കുളിപെരുന്നാളും ചക്കരക്കഞ്ഞിയും വരെ പുനർജ്ജീവിപ്പിക്കുവാനാണുദ്ദേശിക്കുന്നത്. ഓർത്തഡോക്സ് ഫിലോസഫിയ്ക്ക് സചേതനത്വമുൾക്കൊണ്ട ഒരു ജീവിതശൈലി കൊടുക്കും. ഇതിന് ആകാശം മുട്ടി നിൽക്കുന്ന പള്ളികളോ പാരീഷ് ഹോളോ സുപ്രീംകോടതി കേസുകളോ വേണമെന്നില്ല.

***ഒരു പള്ളീം സ്ഥാപിക്കാതെ, അഞ്ചു പൈസ നീക്കിയിരിപ്പില്ലാതെ, ആരാധനയും കൂദാശയുമൊക്കെ എങ്ങനെ നടത്തുമെന്നാ?***

എടോ, പള്ളീം അരമനയും ഉണ്ടായിട്ട് എത്ര നാളായി? അതിനു മുമ്പുണ്ടായിരുന്നല്ലോ ഓർത്തഡോക്സ് സഭ. കാട്ടിലൂടെ അലഞ്ഞു നടന്ന യൽദോ ബാവ കൃത്യമായി ബലിയർപ്പിച്ചിരുന്നു. നമ്മുടെ കൂദാശാനുഷ്ഠാനത്തിനും ആരാധനയ്ക്കും ഇത്രയും ചെലവു കൂടിയ സംവിധാനങ്ങളൊന്നും വേണമെന്നില്ല. വടക്കേ ഇൻഡ്യയിൽ സർദാർജിയുടെ ലോഡ്ജ് മുറിയിൽവച്ച് ആത്മീയദാഹമുള്ള നാലഞ്ചു പേർ ഒരു പട്ടക്കാരനെ വേഷം മാറ്റിക്കൊണ്ടുവന്ന് വി. കുർബാന ചൊല്ലിയില്ലേ? **മനുഷ്യന് ദൈവവുമായി ബന്ധപ്പെടാൻ ഏറ്റവും ലളിതവും ചെലവു കുറഞ്ഞതുമായ സംവിധാനങ്ങൾ മതി. ദേവാലയത്തിന്റെ പേരിൽ വാരിക്കൂട്ടിയ സ്വത്തും മറ്റുമല്ലേ അടിപിടിക്കു കാരണമായത്?**

***അപ്പോൾ സെമിത്തേരി? ചത്താൽ കിടക്കണ്ടേ?***

കോതമംഗലം ചെറിയപള്ളിപോലെ എല്ലാ ഇൻഫ്രാ സ്ട്രക്ച്ചറുമുള്ള പള്ളിയിൽ നിന്ന് വിശ്വാസികൾക്കുകിട്ടുന്ന സൗകര്യങ്ങൾ അഞ്ചു പൈസ ചെലവില്ലാതെ പുതിയ സഭാംഗങ്ങൾക്കു കൊടുക്കുന്നതായിരിക്കും. പദ്ധതിയുടെ വിശദാംശങ്ങൾ ഇപ്പോൾ തുറന്നു പറയുവാൻ നിവൃത്തിയില്ല. ഇവിടെ എന്നെപ്പോലെ ഉപ്പും

ചോറും തിന്നുന്ന കോമൺസെൻസുള്ള മറ്റു മിടുക്കൻമാരുമുണ്ട്. അവർ എന്റെ ആശയങ്ങൾ ദുരുപയോഗപ്പെടുത്തി സഭ സ്ഥാപിച്ചുകളയും. അറിയാം, പയ്യൻസ്.........

***സഭയ്ക്ക് ഫോറിൻ കൊളാബറേഷൻ നിലനിർത്താൻ തിരുമേനിമാരും തിയോളജി ജീനിയസുകളും വേണ്ടേ?***

വേണ്ട. ഫോറിൻ പണം ആവശ്യമില്ല. അതുകൊണ്ട് വിദേശികൾക്കുവേണ്ടി 70 മി.മി. ചിരി ആവശ്യമില്ല. ആഗോളതലത്തിലുള്ള വിശ്വാസികളെ കോ-ഓർഡിനേറ്റു ചെയ്യാൻ, ആശയസമന്വയത്തിന് ഒരു പി.ആർ.ഒ.യെ നിയമിക്കും. അത് റവ. ഫാ. മൂലയിൽ ദ ഗ്രേറ്റ് ആയിരിക്കും. ഒരു ഫ്രീലാൻസ് മിഷനറിയായി അദ്ദേഹത്തെ വർഷത്തിൽ 2 മാസത്തേക്ക് വാടകയ്ക്കെടുക്കും. സഭാലീഡർ എഴുതികൊടുക്കുന്ന ദൗത്യം നിർവഹിക്കുക മാത്രമാണദ്ദേഹത്തിന്റെ ചുമതല. ഡി.എ., ടി.എ., ശമ്പളം ഇനങ്ങളിൽ തക്ക പ്രതിഫലം അദ്ദേഹത്തിനു നൽകുന്നതായിരിക്കും. പുതിയ സഭയിൽ ആരെയും ചാക്കിട്ടു പിടിക്കുകയില്ല. ഇഷ്ടമുള്ളവർ ഒരു പോസ്റ്റു കാർഡിൽ കൺസൻറ് എഴുതി അയച്ചാൽ മതി. അവർ അംഗങ്ങളായിക്കഴിഞ്ഞു. വ്യക്തിപരമായ നവീകരണത്തിനും ആത്മീയ വളർച്ചയ്ക്കുമുള്ള ഫോളോ അപ്പ് പിന്നാലെ.

***അഭിവന്ദ്യ തിരുമേനിമാർ?***

തിരുമേനിമാർ സഭയുടെയൊരു അവിഭാജ്യഘടകമല്ല. തുടക്കത്തിൽ അത്രയും ചെലവുള്ള ഒരു സ്ഥാനത്തിന്റെ ആവശ്യമില്ല. തൽക്കാലം പൗരോഹിത്യം അന്ത്യോഖ്യയിൽ നിന്ന്.

***നിലവിലുള്ള സഭയോട് അത്രയ്ക്കു വെറുപ്പാണോ?***

പാത്രിയർക്കീസ്-മെത്രാൻ കക്ഷികൾക്ക് സമുന്നതമായൊരു ലക്ഷ്യമില്ലാതായിരിക്കുകയാണ്. നിസ്വാർത്ഥമായ കർമാചരണത്തിലൂടെ ഈശ്വരാനുഭവം തേടലാണ് മതത്തിന്റെ ലക്ഷ്യം. എന്നാൽ ഇതിൽനിന്നു വിഭിന്നമായി അധികാരം, പണം, പദവി തുടങ്ങിയ ലോകഭോഗങ്ങൾക്കുവേണ്ടി സഭയെ ദുരുപയോഗം ചെയ്യുകയാണിന്ന്. നിസ്വാർത്ഥമായ ഈശ്വരാനുഭവത്തെ സ്വാർത്ഥകർമങ്ങൾക്കും കാമ്യ വസ്തുക്കൾക്കുമായി ദുരുപയോഗം ചെയ്യുമ്പോൾ മതം വർഗീയതയായി മാറും. പല സഭാനേതാക്കന്മാരും അറിഞ്ഞോ അറിയാതെയോ ഇന്ന് വർഗീയതയെ പരിപോഷിപ്പിക്കുന്നുണ്ട്. അവർ രാഷ്ട്രീയക്കാരന്റെ പിന്നണിസംഘത്തിൽ ചേർന്ന് അവർക്കുവേണ്ടി വോട്ടുപിടിക്കുന്നുണ്ട്. ഇൻഡ്യയിൽ ശക്തി പ്രാപിച്ചുവരുന്ന വർഗീയരാഷ്ട്രീയം കരുപ്പിടിപ്പിച്ചതിൽ ഓർതഡോക്സ് സഭയ്ക്കും നല്ല പങ്കുണ്ട്. ലോകഭോഗങ്ങളിൽ കാംക്ഷയില്ലാത്തതും വചനത്തിൽ അധിഷ്ഠിതവുമായ ഒരു ജീവിതരീതിയിൽ മാത്രമേ മൂല്യം കാണാൻ കഴിയുകയുള്ളൂ. അതാണ് ഇന്നു ഓർതഡോക്സ് സഭയ്ക്കില്ലാത്തത്. വീണ്ടെടുക്കേണ്ടതും അതാണ്. പരസ്പരം ചീത്ത വിളിച്ചും വിശ്വാസികളുടെ വഴിപാടു കാശു കൊണ്ട് കേസു കളിച്ചും ആഡംബരമായി ജീവിച്ചു പോരുന്ന സഭാനേതാക്കന്മാർ മനുഷ്യനെ ദൈവത്തിലേയ്ക്കടുപ്പിക്കുവാൻ വലുതായൊന്നും ചെയ്യുന്നില്ല. പുറമേ മേനിവാക്കും അംബരചുംബികളായ കെട്ടിടങ്ങളും ഉടയാടകളുമായി ചെത്തിമിനുന്ന ഒരു ശൈലി മാത്രമായിന്ന് സഭയ്ക്ക്. ക്രിസ്തു പണ്ട് യെരുശലേം ദേവാലയത്തിൽ കണ്ട അതേ കാഴ്ച. അകം ഉണ്ടാക്കിയവൻ തന്നെയാണ് പരീശ പുറവും ഉണ്ടാക്കിയിരിക്കുന്നത്.

***താങ്കളുടെ പുതിയ സഭയിൽ അൽമായരുടെ സ്ഥാനമെന്തായിരിക്കും?***

അത്മായർക്ക് ഒരു സ്ഥാനവും ഉണ്ടായിരിക്കില്ല. ആരാധനാലയത്തിൽ വരിക, പ്രാർത്ഥിക്കുക, പോവുക അത്രമാത്രം. അൽമേനികളെ കൈക്കാരന്മാരും കമ്മിറ്റിക്കാരുമാക്കിയതാണ് സഭയ്ക്കു പറ്റിയ ഒരു കുഴപ്പം. ചേരിപ്പോരും ചീത്തവിളിയും കേസും നടത്തുന്നത് കൺസർവേറ്റീവായ ഭരണസമിതിക്കാരാണ്. അവർ വല്ല രാഷ്ട്രീയത്തിലും പോയി മേയട്ടെ. കഴിഞ്ഞ സഭാഭിന്നിപ്പു കാലത്ത് അൽമായരുടെ കാലു തിരുമ്മി കാര്യം കണ്ടതിന്റെ ശിക്ഷ ഇപ്പോഴും എപ്പിസ്കോപ്പസി അനുഭവിച്ചുകൊണ്ടിരിക്കയാണ്. പാത്രിയർക്കീസ് കക്ഷിയിൽ മാത്രമല്ല, ദേവലോകത്തും ഇതുതന്നെയാണ് അവസ്ഥ. കോട്ടയത്ത് വേരുറച്ച അച്ചായന്മാർ അവരുടെ തിരുമേനിമാരെക്കൊണ്ട് പപ്പറ്റ് ഡാൻസ് കളിപ്പിക്കുന്നത് ഇരുമ്പുമറയ്ക്കുള്ളിൽ വച്ചാണെന്നു മാത്രം. അഭിവന്ദ്യ തിരുമേനിമാരുടെ കൽപ്പന മടക്കി അയയ്ക്കുന്നു. പൊതുയോഗത്തിൽ അച്ചന്റെ മുമ്പിൽ കേറിനിന്ന് ചട്ടം പഠിപ്പിക്കുന്ന, ദ്രവ്യാഗ്രഹികളായ മതനേതാക്കന്മാരെ തുട്ടെറിഞ്ഞുപിടിച്ച് വരച്ച വരയിൽ നിർത്തുന്ന മാന്യന്മാർ പുതിയ സഭയിലുണ്ടാവില്ല.

***അപ്പോഴാരാ പള്ളി ഭരിക്കുന്നത്? സാമ്പത്തികം എങ്ങനെ കണ്ടെത്തും?***

പള്ളി ഭരിക്കുന്നത് അച്ചന്മാർ. അവർ കുപ്പായമിട്ട് താടീം നീട്ടി നടക്കുന്നത് ഈ പണിക്കാണ്. തിരുമേനിമാരും പള്ളിപ്രമാണികളും കൂടി ഒതുക്കിയിട്ടിരിക്കുന്ന ക്ലെർജിയുടെ മാന്യത വീണ്ടെടുക്കും. ഗവൺമെന്റ് ജോലിയും രാഷ്ട്രീയപ്രവർത്തനവും കുടുംബച്ചുമതലയുമുള്ള ആളുകൾ പള്ളി ട്രസ്റ്റിമാരായി പെടാപ്പാടു പെടുമ്പോൾ അച്ചന്മാർ വെറുതെ വീട്ടിൽ കുത്തിയിരിക്കുകയാണ്. ചെയ്യാനിഷ്ടമില്ലാത്തതുകൊണ്ടല്ല. റിയൽ എസ്റ്റേറ്റുമായി നടക്കുന്ന കുടുംബക്കാരനായ അച്ചൻ പള്ളീന്ന് എല്ലാം കട്ടുവാരിക്കൊണ്ടുപോകുമെന്ന പേടിയാണോ? **കല്യാണവും ശവമടക്കും മാമോദീസയും പുരകൂദാശയും തിരുമേനിമാർ ഇടിച്ചുകേറി നടത്തുമ്പോൾ, പിന്നെന്തിനാ കുപ്പായവും ധരിച്ച് ഇങ്ങനെയൊരു ജന്മം?** പുതിയ സഭയിൽ അച്ചൻ 'all in all' ആയിരിക്കും. കൈക്കാരനും കമ്മിറ്റിയും ഒന്നുമുണ്ടാവില്ല. അച്ചൻ ഫുൾ കസ്റ്റോഡിയൻ. സെൻട്രൽ ഓഫീസിൽ ഇടവക ഭരണത്തിന്റെ റിപ്പോർട്ടും കണക്കും കൃത്യസമയത്ത് അച്ചൻ ബോധിപ്പിച്ചിരിക്കണം. അച്ചന്മാരിൽനിന്ന് അഡ്മിനിസ്ട്രേറ്റർ, ഡയറക്ടർ തുടങ്ങിയവരെ ലീഡർ തിരഞ്ഞെടുക്കും. വിശ്വാസികൾക്ക് പൊതുയോഗം കൂടേണ്ട, വോട്ടു പിടിക്കേണ്ട. പള്ളീപ്പോയി കൈകെട്ടി നിന്നു പ്രാർത്ഥിച്ച് വീട്ടിൽ പോന്നാൽ മതി.

***സാമ്പത്തികം?***

അതാണോ പ്രശ്നം. നല്ല കാര്യങ്ങൾക്കു കൊടുക്കുവാൻ അവസരമില്ലാതെ ആളുകൾ വിഷമിക്കുകയാണ്. സഭ ഭരിക്കുന്ന ലീഡർക്കും അച്ചൻമാർക്കും അന്നന്നത്തെ അപ്പത്തിനുള്ളത് വിശ്വാസികൾ തരും. ദൈവം ഇഷ്ടപ്പെടുന്ന കാര്യമാണെങ്കിൽ ഈ സംരംഭം നടക്കും. കരഭൂമിയും ബാങ്ക്ബാലൻസുമില്ലാതെ മുവാറ്റുപുഴ കാതോലിക്കേറ്റ് അരമന ഇത്രയും കൊല്ലങ്ങളായി നടക്കുന്നതെങ്ങനാ? എല്ലാം നടക്കും. ദൈവാശ്രയവും പ്രത്യാശയും മാത്രം മതി. ●

Five presidents are on a plane: George Washington, Abraham Lincoln, Thomas Jefferson, George W. Bush and Bill Clinton. George Washington says "I will make someone happy!", and throws a dollar bill off the plane. Then Abraham Lincoln says "I will make five people happy!", and throws 5 one dollar bills off the plane. Thomas Jefferson says "I will make 500 people happy!", and throws 500 one dollar bills off the plane. Then Bill Clinton says " I will make the whole world happy!", and throws George W. Bush off the plane.

# കലഹിക്കാൻ കാരണം തേടുന്നവർക്ക്

**സിസ്റ്റർ ശോഭ**

ഒരിഞ്ചുഭൂമിയെയും ഒരു കൊന്നത്തെങ്ങിനെയും ഒരു പാഴ്മരത്തെയുമൊക്കെച്ചൊല്ലി അയൽക്കാരും കൂടപ്പിറപ്പുകളും തമ്മിലുടലെടുക്കുന്ന ശത്രുത കൊലപാതകത്തോളം എത്തിനിൽക്കുന്ന സംഭവങ്ങൾ അപൂർവമല്ലാതായിരിക്കുന്നു. കലഹിക്കാൻ കാരണം തേടി ഇപ്രകാരം ഞരമ്പുകളിൽ തീ കൂട്ടി നടക്കുന്നവർ അറിയുന്നില്ല, ഉള്ളിൽ എരിഞ്ഞുപുകയുന്ന വിദ്വേഷത്തീ തന്റെയും കുടുംബത്തിന്റെയും നാശത്തിനുതന്നെയാണു കാരണമാകുന്നതെന്ന്.

മധ്യകേരളത്തിൽ നടന്നതാണീ സംഭവം: അന്യോന്യം സ്നേഹത്തിൽ കഴിഞ്ഞിരുന്ന ഒരു ജ്യേഷ്ഠനും അനുജനും. സ്വത്ത് ഭാഗം വച്ചപ്പോൾ തുടങ്ങി അവർക്കിടയിൽ അകൽച്ച. തനിക്കു ലഭിച്ചതിനേക്കാൾ നല്ല സ്ഥലം ജ്യേഷ്ഠനു കിട്ടിയെന്നൊരു വിചാരം അനുജനിലുണർന്നു. ഒന്നുരണ്ടു തവണ അതു സൂചിപ്പിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ അനുജൻ ജ്യേഷ്ഠന്റെ അതിർത്തിക്കല്ല് ഒരൽപ്പം തന്റെ അവകാശത്തിലേക്കു നീക്കി. കാര്യം മനസ്സിലായ ജ്യേഷ്ഠൻ അനുജനെ വിളിച്ചു ചോദിച്ചു. അനുജൻ സമ്മതിച്ചില്ല. ഇരുകൂട്ടരും തമ്മിൽ വഴക്കു മൂത്തു. ഒരു ദിവസം അനുജൻ തന്റെ അതിർത്തിയിൽനിന്ന് പുല്ലുചെത്തുകയായിരുന്നു. അതു കണ്ട ജ്യേഷ്ഠന്റെയുള്ളിൽ പിശാചിന്റെ അരുളപ്പാടുണ്ടായി. അനുജനെ വകവരുത്തിയേക്കാം. രണ്ടാമതൊന്നു ചിന്തിക്കാതെ അയാൾ കൃത്യനിർവഹണത്തിനു മക്കളുടെ സഹായം തേടി. അവർ അനുജനെ പിടിച്ചുകൊടുത്തു. ജ്യേഷ്ഠൻ അനുജനെ വെട്ടിക്കൊലപ്പെടുത്തി. ജ്യേഷ്ഠൻ ജയിലിലുമായി. ചെറുപ്പക്കാരായ രണ്ട് അമ്മമാരും അവരുടെ മക്കളും അതോടെ അനാഥരായി. ശാസ്താംകോട്ടയ്ക്കടുത്ത് കോവൂർ ഗ്രാമത്തിൽ ഒരു കുടുംബംപോലെ കഴിഞ്ഞിരുന്ന രണ്ട് അയൽവാസികൾക്കു ജീവൻ നഷ്ടപ്പെട്ടത് വഴിയിറമ്പിലേക്കു ചാഞ്ഞുകിടന്ന ഒരു ശീമക്കൊന്നയുടെ കമ്പിനെച്ചൊല്ലിയുള്ള തർക്കം മൂലമാണ്. നടക്കുമ്പോൾ തലയിൽ തട്ടുന്ന കൊന്നയുടെ കമ്പുകൾ മുറിച്ചു നീക്കണമെന്നു പറഞ്ഞ അയൽവാസി കൊല്ലപ്പെട്ടു. കുറ്റബോധം താങ്ങാനാവാതെ കൊല ചെയ്തയാൾ അന്നുതന്നെ ആത്മഹത്യ ചെയ്തു

ബൈബിളിൽ ഒരു ജ്യേഷ്ഠനും അനുജനും തമ്മിൽ സ്വത്തു ഭാഗിക്കുന്ന വിവരണമുണ്ട്. അബ്രഹാമും ലോത്തുമാണവർ. ഇരുകൂട്ടർക്കും സമ്പത്ത് അമിതമായി വർദ്ധിക്കുകയും അവരുടെ ഇടയന്മാർ തമ്മിൽ പലപ്പോഴും ശണ്ഠ കൂടുകയും ചെയ്ത അവസരത്തിലാണ് സ്വത്ത് ഭാഗം വച്ച് പിരിയുന്നതിനെക്കുറിച്ചവർ ചിന്തിച്ചത്. അബ്രഹാം ലോത്തിനോടു പറഞ്ഞു: 'നിനക്കിഷ്ടമുള്ള ഭാഗം തിരഞ്ഞെടുക്കാം.' ഫലസമൃദ്ധമെന്നു കണ്ട ഭാഗം ലോത്ത് തിരഞ്ഞെടുത്തു. ഒരു പരാതിയുമില്ലാതെ അബ്രഹാം അത് ലോത്തിനു വിട്ടുകൊടുത്തു. എന്നിട്ടും അബ്രഹാമിന് ദൈവം സമൃദ്ധി നൽകിയെന്നാണ് ബൈബിൾ സാക്ഷ്യപ്പെടുത്തുന്നത്. ഒരു തുമ്പാപ്പാട് മണ്ണിനുവേണ്ടി ചോരചിന്തുന്ന, ഹൃദയബന്ധങ്ങൾ വേർപെടുത്തുന്ന അയൽക്കാരും ജ്യേഷ്ഠാനുജൻമാരും ഈ അബ്രഹാമിനെയും ലോത്തിനെയും ധ്യാനിക്കണം. 'കർത്താവു ഭവനം പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അദ്ധ്വാനം നിഷ്ഫലമാണ്' (സങ്കീർത്തനം 127:1) കല്ലുകളിൽനിന്നുപോലും അബ്രഹാമിനു സന്താനങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവൻ ഒരു തുമ്പാ മണ്ണിന്റെ നഷ്ടം ആയിരം ഇരട്ടിയായി നികത്തിത്തരാൻ കഴിവുറ്റവനാണെന്നു വിശ്വസിക്കണം.

> *ഒരു തുമ്പാപ്പാട് മണ്ണിനുവേണ്ടി ചോരചിന്തുന്ന, ഹൃദയബന്ധങ്ങൾ വേർപെടുത്തുന്ന അയൽക്കാരും ജ്യേഷ്ഠാനുജൻമാരും അബ്രഹാമിനെയും ലോത്തിനെയും ധ്യാനിക്കണം. കല്ലുകളിൽനിന്നുപോലും അബ്രഹാമിനു സന്താനങ്ങളെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നവൻ ഒരു തുമ്പാ മണ്ണിന്റെ നഷ്ടം ആയിരം ഇരട്ടിയായി നികത്തിത്തരാൻ കഴിവുറ്റവനാണെന്നു വിശ്വസിക്കണം.*

അതേസമയം, അഭിപ്രായവ്യത്യാസങ്ങളും കൊച്ചുകൊച്ചു പിണക്കങ്ങളും തങ്ങൾക്കിടയിലുള്ളപ്പോഴും ഉള്ളിന്റെയുള്ളിൽ ആഴമേറിയ ആർദ്രതയും കനിവും സ്നേഹവും കൂടപ്പിറപ്പിനുവേണ്ടി കരുതുന്നവരും നമ്മുടെയിടയിലുണ്ട്. മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ ശ്രീ. പെരുമ്പടവം ശ്രീധരൻ തന്റെ ഒരനുഭവം പങ്കുവച്ചതോർക്കുന്നു. ഒരു ജ്യേഷ്ഠനും അനുജനും തമ്മിലുള്ള വഴക്കിന് അദ്ദേഹം ദൃക്സാക്ഷിയായി. അവരുടെ അച്ഛനും അമ്മയും മരിച്ചുപോയിരുന്നു. അനുജൻ ദൂരെയായിരുന്നപ്പോൾ ജ്യേഷ്ഠൻ അച്ഛനെ സ്വാധീനിച്ച് കൂടുതൽ സ്വത്ത് കൈക്കലാക്കിയെന്നാണ് അനുജന്റെ പരാതി. അങ്ങനെ ജ്യേഷ്ഠനും അനുജനും തമ്മിൽ വലിയ ശത്രുതയിലായി. രണ്ടുപേരും വെവ്വേറെയാണു താമസം. അതിനിടെ ജ്യേഷ്ഠൻ അതിർത്തിയിൽ നിന്ന ഒരു മരം വെട്ടി. അനുജൻ എവിടെയോ പോയി മടങ്ങിവന്നപ്പോൾ അതിർത്തിയിൽ നിന്നിരുന്ന മരം കാണുന്നില്ല. അന്വേഷിച്ചപ്പോളറിഞ്ഞു, ജ്യേഷ്ഠൻ അത് ആർക്കോ വിറ്റെന്ന്. അനുജൻ കലിയടക്കാനാകാതെ നേരെ ജ്യേഷ്ഠന്റെ വീട്ടിലേക്കു ചെന്നു. ബഹളംകേട്ട് ആളുകൾ ഓടിക്കൂടി. മദ്ധ്യസ്ഥൻമാരുമുണ്ട്. ആദിമുതലുള്ള കണക്കുകൾ പറഞ്ഞാണ് അനുജൻ കലഹിക്കുന്നത്. 'പോട്ടെ, ക്ഷമിക്ക്, ഒരു പാഴ്മരത്തിന്റെ കാര്യമല്ലേ' എന്നൊക്കെ പറഞ്ഞ് മദ്ധ്യസ്ഥൻമാർ അനുജനെ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. "ഇതുവരെ ഞാൻ സഹിച്ചു, ഇനി വിട്ടുകൊടുക്കുന്ന പ്രശ്നമില്ലെ"ന്നായി അനുജൻ. ആരുപറഞ്ഞിട്ടും അയാൾ അടങ്ങുന്നില്ല. ഒടുവിൽ, മദ്ധ്യസ്ഥന്മാർ പിൻമാറാനൊരുങ്ങിയപ്പോൾ അനുജൻ പറഞ്ഞു: "എന്റെ അതിർത്തിയിലെ മരം വെട്ടിയതിന് അവന്റെ പറമ്പിലെ സകല മരവും ഞാൻ വെട്ടും. ആരാ തടുക്കാൻ വരുന്നതെന്ന് എനിക്കൊന്നു കാണണം." അനിയൻ ചവിട്ടിക്കുതിച്ച് പടിയിറങ്ങിപ്പോകാൻ തുടങ്ങിയപ്പോൾ അതുവരെ മിണ്ടാതിരുന്ന ജ്യേഷ്ഠൻ 'നില്ലെടാ, അവിടെ' എന്നു പറഞ്ഞു. അത് ആരും പ്രതീക്ഷിച്ചതല്ല. വഴിയിലേക്കുള്ള പടിക്കെട്ടുകൾ പാതി ഇറങ്ങിയ അനുജൻ അവിടെ നിന്നു. അപ്പോൾ ജ്യേഷ്ഠൻ പറഞ്ഞു: "നീ മരം വെട്ടോ എന്നെ വെട്ടോ എന്തുവേണേൽ ചെയ്തോ. പക്ഷേ, ചോറുണ്ടിട്ടു പോയാൽ മതി." എന്നിട്ട് ജ്യേഷ്ഠൻ തിരിഞ്ഞ് വാതിലിനു മറഞ്ഞു നിൽക്കുന്ന ഭാര്യയോടു ശുണ്ഠിയെടുത്തു. "എന്താടീ, നോക്കി നിൽക്കുന്നേ, വേഗം അവനു ചോറു വിളമ്പി വയ്ക്കടീ!". "എന്താടാ നോക്കി നിൽക്കുന്നേ?", ജ്യേഷ്ഠൻ വീണ്ടും ദേഷ്യപ്പെട്ടു. "മര്യാദയ്ക്കു കൈകഴുകി അടുക്കളയിൽച്ചെന്ന് ചോറുണ്ടേച്ച് പോ." അനുജൻ വഴക്കു മറന്ന്, മരത്തിന്റെ കാര്യം മറന്ന്, തലതാഴ്ത്തി ജ്യേഷ്ഠന്റെ മുന്നിലൂടെ നടന്ന് അടുക്കളയിലേക്കു പോയി.....അതേ, സ്നേഹം ഇങ്ങനെയുമുണ്ട്.




# CHRISTIAN UNITY

DR. ROWAN WILLIAMS

**He has destroyed the barrier, the dividing wall of hostility.**

This is a text used so often at services for Christian Unity that it has almost become stale; yet no-one in this congregation is likely to find it so. It is hard to think of an image more poignantly relevant to where we stand today as Christians in this land over which so many storm clouds are hovering. The security fence stands as a terrible symbol of the fear and despair that threaten all the communities who share this Holy Land. This is not the place to rehearse arguments about the fence; it is enough to recognise that it is seen by so many as one community decisively turning its back on another, despairing of anything that looks like a shared resolution, a shared future, a truly shared peace.

It is not the only symbol of despair, of course. The dismembered bodies of bombers and their victims are still deeper signs of the refusal of a future, the choosing of darkness and mutual alienation. Despair and rejection continue to reflect each other with a terrible inevitability. No, this is no empty image today: walls of hostility are not metaphors, and they are not the kind of harmless marking out of territory that the poet was thinking of when he wrote, ***'Good fences make good neighbours'.*** Good fences make good neighbours, perhaps, when both know they are secure in their homes and can speak comfortably across agreed boundaries oif custom and respect. That is not where we are. But let's return to our biblical text for a moment. What isn't always noticed is that ***we do not read simply about Christ breaking down a wall, we read about something new being built on the foundation of faithful witnesses, with Christ holding the structure together; there will be one new humanity-but it must be built, worked for, although Christ alone by his death and resurrection has made it possible.*** The way is open to God the Father for all, for people of every race, even though their difference is not abolished. On the journey to that final maturity, fulfilment and joy that is the presence of God the Father, human pilgrims mingle as they go, in all their diversity, with all their separate vocations. No one is shut off from the experience of another; all share one goal; each recognises that what is good for them as they journey is good for all. Anything that clears the road is a benefit for everyone. But to express this in an adequate form, in a structure of social and political life, is something endlessly challenging.




It has to be built. And for that building, what is necessary? Well, says St. Paul, we need apostles and prophets. We need people whose lives are consumed by the conviction that they are commissioned for nothing other than announcing the possibility that Jesus sets before us-apostles, people of mission. We need people whose lives are consumed by the conviction that they must day and night proclaim the results of betraying, forgetting or refusing these possibilities, the terrible destructiveness of settling down in our sin-prophets, people who understand what God's gift and covenant truly mean.

We need in other words those who will give both a negative and a positive vision of what Christ has achieved for us-negative, because we have to see clearly how our divisions destroy us; positive, because we equally have to see that we can walk on one road, even in our differences. We must pray God to raise up such people; when there is a great vacuum of moral leadership, apostles and prophets come into their own. If they are not there, if our churches are not nourishing apostles and prophets and praying for these gifts to be given, we are in dire trouble. Churches that never ask where the apostles and prophets are to be found are failing deeply; they may know that the great walls of fear in the human heart have been undermined-but they have not yet begun to build.

And when that vision has been spoken out, what more do we need? Paul speaks of becoming citizens of a new society. A citizen is someone who has the freedom to take part in discussion about the future he or she shares with other citizens, freedom to be creative about how to live together. A citizen is someone who is recognized by

*(Contd... Page - 14)*



# Heart Disease in the Elderly

**Dr. GEORGE JACOB**
(Formerly Professor of Cardiology, Medical College, Kottayam and presently Chief Cardiologist, Caritas Hospital )

The function of the heart was described and defined by Dr. William Harvey in his earth-shaking publication in the year 1628. Harvey stated "It has been shown by reason and experiment that the blood in the animal body moves around in a circle continuously, and that the action or function of the heart is to accomplish this by pumping. This is the only reason for the motion and beat of the heart". Commencing 275 years after Harvey's publication, the 20th century witnessed a series of grand achievements in cardiology, that have been critical in the development of investigations and treatment of heart diseases.

Cardiovascular disease (CVD) is the leading cause of death in the developing and developed countries. According to W.H.O in 1988, 38.9% of all global deaths were due to CVD. It has been reported that the epidemic of coronary artery heart disease (CAHD) will accelerate in the first half of the 21st century. Whereas the ratio of CAHD has declined by 60% in the U.S., the rates have increased by 300% in India in the past 30 years. The increased prevalence of coronary artery disease in the young below the age of thirty is seen in India, particularly in Kerala.

As the average expectancy in life exceeds 50-55 years, degeneration and man-made diseases appear in the scenario. The important risk factors for coronary artery disease are raised blood cholesterol, elevated blood pressure, diabetes Mellitus, smoking, family history of premature coronary artery heart disease, physical inactivity, overweight, age, gender, alcohol consumption, psychological factors etc. A diet rich in calories, saturated fat and salt, accompanied by reduced physical activity (use of mechanised transport) and sedentary leisure time pursuits leads to overweight, increased blood cholesterol, diabetes and elevated blood pressure. These plus tobacco consumption lead to coronary and other blood vessel diseases at around 55 years. With the population expansion and ageing, the proportion of adults over the age of 65 will increase. In India the population is expected to rise from 683 million in 1981 to about 1480 million in 2021. Consequently, by the year 2021, Indian sub-continent will have the largest number of heart disease patients and diabetics in the world.

**Presentation of Heart Disease in the Elderly-Attack of Breathing Difficulty**

Breathlessness or breathing difficulty is a more common presenting symptom of heart disease in the elderly than in younger persons. Any elderly person who develops breathing difficulty in the middle of the night for the first time should be considered as having heart disease because bronchial asthma rarely presents in the elderly for the first time without history of asthma in the past. Heart attack comes in forefront in such a situation.

**Painless / Silent Heart Attack.**

Heart attack in the elderly may occur without any symptoms, in contrast to young people who develop central chest pain spreading to other regions. Casual or routine ECG may reveal evidence of it. In a good number of those who sustain heart attack, the symptoms are mild and unimpressive. Mild breathing difficulty, burning in the chest, palpitation (awareness of heart beats), unexplained sweating, "gas", ache in the chest, transient loss of consciousness and extreme tiredness are the common presenting symptoms. Heart attack may produce discomfort only in the stomach region commonly described as Gas alleged to "large meal, unusual meal or 2 smalls". "Gas' is the greatest villain in the heart attack symptomatology. When these mild symptoms develop in the middle of night, the elderly may wait till the morning to inform the younger family members about it. Since in 50% of the deaths, complicating heart attacks occur in the first 1 hour after sustaining the heart attack, it is imperative to get immediate treatment. Heart attack is generally due to the sudden obstruction produced by the clot in the blood vessel carrying oxygen-rich blood to the heart muscle. Life saving drugs which dissolve the clot are to be given as early as possible at least within 6 hours of the attack. Balloon dilation of the obstructed vessel could also be done within the first 3 hours.

**Heart Failure**

Heart failure is the failure of the heart chambers to pump and eject blood. It is due to the weakness of the heart muscles due to various causes. When the left side fails, there is hold up of blood and fluid in the lungs producing cough and severe breathing difficulty. When it occurs on the right side of the heart, there is accumulation of fluid in the legs and liver. This results in enlargement of liver producing gaseous distension, poor appetite and nausea. Combined right sided and left sided failure is called congestive heart

# സ്ത്രീസമത്വം

ഡോ. ജോർജ് എം. തോമസ്

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മൗലികാവകാശങ്ങൾ അനുഭവിക്കുവാൻ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും അർഹരാണെന്ന് ഇൻഡ്യൻ ഭരണഘടന അനുശാസിക്കുന്നു-അവയുടെ പ്രയോഗത്തിൽ മറ്റുള്ളവരുടെ അവകാശങ്ങൾ ലംഘിക്കരുതെന്നു മാത്രം. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ തലങ്ങളിൽ എല്ലാവർക്കും നീതി ലഭിക്കണം. ചിന്ത, വിശ്വാസം, ആരാധന എന്നീ കാര്യങ്ങളിലും സ്വാതന്ത്ര്യമുണ്ട്. ഒത്തൊരുമയും വിശ്വസ്തതയും സമഭാവനയും വളർത്തുകയാണ് സാഹോദര്യം കൊണ്ടു ലക്ഷ്യമാക്കുന്നത്. എല്ലാവരും ഈ അവകാശങ്ങൾ പ്രയോജനപ്പെടുത്തിയെന്നു വരില്ല. സ്ത്രീകളുടെ അവസ്ഥ ഇപ്പോഴും പിന്നോക്കമല്ലേ? **പരിണാമസിദ്ധാന്തപ്രകാരം, ഏറ്റവും അനുയോജ്യമായ വ്യത്യാസങ്ങൾ മാത്രമേ നിലനിൽക്കൂ.** വിവിധ മേഖലകളിൽ സ്ത്രീകൾ കൈവരിച്ച പുരോഗതി മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അനേക വർഷങ്ങൾക്കു മുമ്പുള്ള സ്ഥിതി പരിശോധിക്കേണ്ടിയിരിക്കുന്നു.

പഴയനിയമ കാലഘട്ടം നോക്കാം. പുരുഷന്മാർക്ക് പല ഭാര്യമാർ; പോരെങ്കിൽ, ദാസിമാർ. പുരുഷന്റെ സ്വത്തായിരുന്നു സ്ത്രീ-കാളയും കഴുതയും പോലെ. നീ അന്യന്റെ കാളയെയും കഴുതയെയും ഭാര്യയെയും മോഹിക്കരുതെന്നായിരുന്നല്ലോ പത്തു കൽപ്പനകളിലൊന്ന്. സ്ത്രീ മോഹിക്കുന്ന കാര്യമൊന്നും അവിടെ പറയുന്നില്ല. സങ്കീർത്തനങ്ങൾ രചിച്ച കാലമായപ്പോഴേക്കും സ്ത്രീകളുടെ സ്ഥിതി അൽപ്പം മെച്ചപ്പെട്ടു. അവർ ഫലപ്രദമായ മുന്തിരിവള്ളി പോലെ വീട്ടിലിരുന്ന് മക്കളെ പ്രസവിക്കുന്നു. മേശയ്ക്കു ചുറ്റും ധാരാളം മക്കൾ. (സങ്കീ: 128). ഭാര്യ പുറത്തിറങ്ങി അധ്വാനിക്കേണ്ടതില്ല. വേറെ അവകാശങ്ങളൊന്നുമില്ല. ഏതായാലും, എതിർപ്പുകളൊന്നും രേഖപ്പെടുത്തിക്കാണാത്തതിനാൽ അത്തരമൊരു ജീവിതം കൊണ്ട് സ്ത്രീകൾ തൃപ്തരായിരുന്നുവെന്നു വേണം കരുതാൻ.

പുരാണങ്ങളിൽ പുരുഷന് പല ഭാര്യമാർ. അധികാരവും ഭരണവുമെല്ലാം പുരുഷന്; സ്ത്രീകൾ വെറും അടിമകൾ. അന്ന് സ്ത്രീകൾക്ക് പത്തു പന്ത്രണ്ട് സന്താനങ്ങളുണ്ടായിരുന്നു. അതിനു കഴിവില്ലെങ്കിൽ പുതിയ ഭാര്യ. പ്രസവിക്കുക, കുട്ടികളെ വളർത്തുക-ഇതു മാത്രമായിരുന്നു സ്ത്രീധർമം. കാലങ്ങൾ പിന്നിട്ടപ്പോൾ ഒരു ഭാര്യ മതിയെന്നായി. കുട്ടികളുടെ എണ്ണം അഞ്ചോ ആറോ, പിന്നീടത് രണ്ടോ മൂന്നോ വരെയെത്തി. ഒടുവിൽ, രണ്ടോ ഒന്നോ എന്നായി. ഏതാണ്ട് പത്തു വർഷം കൊണ്ട് സ്ത്രീക്ക് അമ്മയുടെ ചുമതലകൾ അവസാനിക്കുന്നു. സ്ത്രീവിദ്യാഭ്യാസം പ്രചാരത്തിൽ വന്നു. പരീക്ഷകൾ പാസ്സായി ഉദ്യോഗങ്ങൾ സ്വീകരിച്ചു തുടങ്ങി. സ്ത്രീകൾക്കും സമ്പാദ്യമായതോടെ വീട്ടിലെ വരുമാനം വർധിച്ചു, സ്ത്രീയുടെ പദവിയും ഉയർന്നു. ധാരാളം സ്ത്രീകൾ അധ്യാപികമാരായി; നേഴ്സുമാരായി അന്യരാജ്യങ്ങളിൽ പോയവർക്ക് മെച്ചപ്പെട്ട ശമ്പളം ലഭിച്ചു. ഭർത്താവും കൂടെ പോയാൽ ജോലി കിട്ടിയില്ലെങ്കിലും കഴിയാമെന്ന നില വന്നുചേർന്നു. സ്ത്രീകൾ പുറത്തിറങ്ങി സ്വതന്ത്രമായി സഞ്ചരിച്ചു; പല പരിപാടികളിലും ഭാഗഭാക്കായി. പൊലീസിൽ, ഓഫീസുകളിൽ, ഭരണരംഗത്ത് എന്നു വേണ്ട, എല്ലാ തുറകളിലും സ്ത്രീകൾ പ്രവേശിച്ചു. സ്ത്രീകളുൾപ്പെട്ട കേസുകൾ കൈകാര്യം ചെയ്യാൻ വനിതാ വക്കീലന്മാരെ തേടി. സമത്വമാണു ലക്ഷ്യം. തൊഴിലാളികളുടെയിടയിൽ സ്ത്രീ-പുരുഷ സമത്വം കുറേക്കൂടെയുണ്ടെന്നു തോന്നുന്നു. ചുമട്ടുതൊഴിലാളികളിൽ പുരുഷന്മാരും സ്ത്രീകളുമുണ്ട്. ചില പ്രത്യേക തൊഴിലുകൾക്ക് സ്ത്രീകൾ മാത്രമേയുള്ളൂ. അടുക്കളയിലെ പാചകം, ചൂലുപയോഗിച്ചുള്ള പണികൾ, കൊയ്ത്ത്, പറിച്ചുനടീൽ, വിതയ്ക്കുക മുതലായ ജോലികൾ സാവകാശത്തിൽ ബുദ്ധി കൂടി ഉപയോഗിച്ചു ചെയ്യേണ്ടവയാണ്. അടുക്ക് പറയുന്നവന് അഞ്ഞാഴി, മുട്ടം വെട്ടുന്നവന് മുന്നാഴി. മരം വെട്ടുമ്പോൾ വശം പറയുന്നവരാണു കൂടുതൽ. പക്ഷേ, ഇവിടെ സ്ത്രീകൾക്കു കൂലി കുറവാണ്. കാരണമെന്താണാവോ? പുരുഷന്മാരേക്കാൾ ഭേദം സ്ത്രീകളാണെന്നു വരെ ചിലർ ചിന്തിച്ചു. കൈക്കൂലി കൊടുക്കേണ്ട, ആത്മാർത്ഥതയുണ്ട്. ***ഇക്കണക്കിനു പോയാൽ സ്ത്രീസമത്വം പോയി സ്ത്രീമേധാവിത്വം വരുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വളരെ വർഷങ്ങൾ കൊണ്ടു മാത്രമേ മാറ്റങ്ങളുണ്ടാകൂ. ഇപ്പോഴത്തെ സ്ഥിതി അനുയോജ്യമല്ലെങ്കിൽ അതു താനേ അപ്രത്യക്ഷമാകും. പുതിയ ചുറ്റുപാടുകളുണ്ടായി സ്ത്രീമേധാവിത്വം അനുയോജ്യമായിത്തീർന്നാൽ തേനീച്ചയുടെ സ്ഥിതി വന്നുകൂടായ്കയില്ല.*** ഒരു റാണി വാസസ്ഥലത്തിന്റെ അധിപതി; മുട്ടയിടുക മാത്രം. കുറെ മടിയന്മാരാണു പുരുഷന്മാർ. ജോലിയൊന്നുമില്ല; ധാരാളം ഭൃത്യന്മാർ. തേൻ ശേഖരിക്കുക, പാർപ്പിടം സംരക്ഷിക്കുക-ഇവ ആത്മഹത്യാപട്ടാളമാണു ചെയ്യുന്നത്. എതിരാളികളെ കൊമ്പുകുത്തിയിറക്കിയോടിച്ച വേദന നിലനിർത്തി ഈച്ച താഴെ വീണു ചാകുന്നു. മനുഷ്യബോംബുകൾ ഇപ്പോൾത്തന്നെ നമ്മുടെയിടയിലുണ്ടല്ലോ. നമ്മൾ കാത്തിരുന്നാൽ ഇതൊക്കെ കാണാൻ നമുക്ക് ആയുസ്സുണ്ടായെന്നു വരില്ല. ●



failure. Elderly and very elderly persons have heart failure without any symptoms due to stiffness of heart muscle and failure to expand. With ageing of population, prevalence of high blood pressure and improved survival after heart attack, heart failure has become an emerging public health concern. Heart failure is the leading cause of hospitalisation in people over 65 years in the developed countries.

**Hypertension-Elevated Blood Pressure**

The upper limit of the normal blood pressure is 120/80. Any figure above this is not normal. BP readings 121/81 to 139/89 is considered high normal or pre-hypertensive. If untreated, hypertension leads to significant morbidity and mortality with coronary artery heart disease, heart failure and stroke. Hypertension generally requires life time treatment. Surprisingly, in England, only 9% of those with hypertension get it properly controlled.

**How to prevent Heart disease?**

1. Proper control of Diabetes Mellitus.
2. Aggressive reduction of elevated blood pressure to a range of 120/80 to 130/84.
3. Reduction of raised blood cholesterol (Lipids) with diet, exercise and, if necessary, by adding drugs.
4. Quit smoking.
5. Bring down body weight to the ideal level.
6. Regular walking exercise.
7. Aspirin 75 mg daily, to prevent heart attack and stroke.

***(Indebted)***

# പരീക്ഷാ ജ്വരം





ജോർജ് ബഹനാൻ ടി (കൗൺസലർ & തെറാപ്പിസ്റ്റ്)

നാലു കുട്ടികൾ ഒരു സ്കൂളിലേക്കു വരുന്നു-എങ്ങനെയെങ്കിലും പരീക്ഷ ഒഴിവാക്കണമെന്ന തീരുമാനവുമായി. വഴി മദ്ധ്യേ ഒരാശയം മനസ്സിലുദിച്ചു. സ്കൂളിലേക്കു വരുമ്പോൾ ബസ്സിന്റെ ടയർ പഞ്ചറായെന്നു സാറിനോടു പറയണം. പരീക്ഷ എഴുതാതിരിക്കാനുള്ള തന്ത്രവുമായി വന്ന ഈ കുട്ടികളെ എങ്ങനെയെങ്കിലും പരീക്ഷ എഴുതിക്കണമെന്ന് പരിചയസമ്പന്നനായ പ്രിൻസിപ്പൽ തീരുമാനിച്ചു. നാലു പേരെയും നാലു സ്ഥലത്തിരുത്തി. സമയമില്ലാത്തതുകൊണ്ട് ഒരു ചോദ്യം മാത്രം കൊടുത്തു-കാറിന്റെ ഏതു ടയറാണ് പഞ്ചറായത്? നാലുപേരും പരുങ്ങലിലായി. പരീക്ഷയൊഴിവാക്കാനുള്ള ശ്രമത്തിൽ കുഴപ്പത്തിലായ നാലു കുട്ടികളും പ്രിൻസിപ്പലിന്റെ പ്ലാൻ മനസ്സിലാക്കി. നാലുപേരിൽ ഒരാളുടെയെങ്കിലും ഉത്തരം വ്യത്യസ്തമായാൽ കള്ളി പുറത്തുവരും. ഭവിഷ്യത്ത് ഒഴിവാക്കാനായി അവർ കുറ്റം ഏറ്റുപറഞ്ഞു. സ്കൂൾ പരീക്ഷയിൽ നിന്നു രക്ഷപ്പെടാൻ ഒരുമ്പെട്ട ഈ നാലു പേരും പരീക്ഷാഭയത്തിന്റെ പിടിയിലമർന്ന നമ്മുടെ കുട്ടികളുടെ പ്രതിനിധികളാണ്.

ഇനി പരീക്ഷാനാളുകളാണ്. വീടിനകത്ത് പരീക്ഷയുടെ ചൂട്, പുറത്ത് വേനൽച്ചൂട്. പരീക്ഷാഭയത്താൽ വിദ്യാർത്ഥികൾ വിറങ്ങലിച്ചു നിൽക്കുന്നു. ഇത് നമ്മുടെ വിദ്യാഭ്യാസരീതിയുടെ കുഴപ്പമാണ്. പഠനം, പഠനസാമഗ്രികൾ, പരീക്ഷ-ഇതു മാത്രമേ ഇന്ന് ശ്രദ്ധയിൽപ്പെടുന്നുള്ളൂ. അധ്യാപകരും മാതാപിതാക്കളും പ്രത്യേക ശ്രദ്ധ കൊടുക്കുന്ന മൂന്ന് തലങ്ങളാണിവ. പക്ഷേ ഇതിനെക്കാൾ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് പരീക്ഷയോടും പരീക്ഷാഫലത്തോടുമുള്ള നമ്മുടെ മനോഭാവമാണ്. പരീക്ഷയെഴുതിയാൽ ഒന്നുകിൽ ജയിക്കും, അല്ലെങ്കിൽ തോൽക്കും. ഇതൊരു ജീവിത യാഥാർത്ഥ്യമാണ്. ഇതംഗീകരിക്കാനുള്ള മാനസിക നില നമ്മുടെ വിദ്യാർത്ഥികളിൽ സൃഷ്ടിക്കണം. വിജയിക്കാനോ പരാജയപ്പെടാനോ ഉള്ള മനസ്സ്, അഥവ, നേരിടാനുള്ള ധൈര്യം-ഇതാണ് ജീവിതത്തെ വിജയത്തിലെത്തിക്കുന്നത്.

പരീക്ഷയെ നേരിടാനുള്ള കരുത്തില്ലായ്മയാണ് ലീനയുടെ പ്രശ്നം. സമർത്ഥയായ ലീന ഗുജറാത്തിലെ പ്ലസ് ടു വിദ്യാർത്ഥിനിയാണ്. പരീക്ഷാഭയം നിമിത്തം കഴിഞ്ഞ വർഷം പ്ലസ്ടു എഴുതാൻ സാധിച്ചില്ല. നന്നായി തയാറെടുക്കാൻ ഒരു വർഷം കുടിയെടുത്തു. പക്ഷേ ഇപ്പോഴും പരീക്ഷയെ അഭിമുഖീകരിക്കാൻ പ്രയാസം. പഠിക്കാത്തതല്ല പ്രശ്നം, വികലമായ മനോഭാവം. ഈ പ്രശ്നം കൈകാര്യം ചെയ്യാനായി നമ്മുടെ കുട്ടികളെ സജ്ജമാക്കാനുള്ള ഒരു വലിയ പദ്ധതി തന്നെ തയാറാക്കേണ്ടിയിരിക്കുന്നു.

പരീക്ഷ, റാങ്ക്, മാർക്ക്, തോൽവി-ഇവ എത്രയോ ആത്മഹത്യകൾ സൃഷ്ടിച്ചിരിക്കുന്നു. പരീക്ഷയുടെ കാര്യത്തിൽ മാതാപിതാക്കൾ കാണിക്കുന്ന അതിരുകവിഞ്ഞ ആകാംക്ഷ കുട്ടികളെ മാനസികമായി ബാധിക്കുന്നു. നല്ല മാർക്കു കിട്ടിയില്ലെങ്കിൽ അഡ്മിഷൻ കിട്ടില്ല, നാണക്കേടാണ് എന്നൊക്കെ മാതാപിതാക്കൾ പറഞ്ഞു കേൾപ്പിക്കുന്നത് കുട്ടികളിൽ അമിതമായ പരീക്ഷാഭയമുണ്ടാക്കും. പരീക്ഷയെ ജീവിതവുമായി ബന്ധപ്പെടുത്തി നാം സൃഷ്ടിച്ചെടുക്കുന്ന വികലമായ ജീവിതമൂല്യങ്ങൾ കുട്ടികളിൽ പഠിത്തത്തെപ്പറ്റിയും പരീക്ഷയെപ്പറ്റിയും വല്ലാത്ത ആകാംക്ഷ സൃഷ്ടിക്കുന്നു. അതുപോലെ തന്നെ, അനാരോഗ്യകരമായ മൽസരബുദ്ധിയും കുട്ടികളിൽ മാനസിക പ്രശ്നങ്ങളുണ്ടാക്കും. മാതാപിതാക്കളുടെയും നാട്ടുകാരുടെയും പ്രതീക്ഷയ്ക്കൊത്തുയരാനുള്ള വെമ്പലും പരീക്ഷാഭയം സൃഷ്ടിക്കും. സ്വന്തം മക്കളെ മറ്റു കുട്ടികളുമായി താരതമ്യപ്പെടുത്തുക വഴി നാം സൃഷ്ടിക്കുന്ന അപകർഷബോധവും പരീക്ഷാഭയത്തിനു കാരണമാകാം.

മാർക്ക് വാങ്ങിക്കുന്നവരെ മിടുക്കന്മാരായി കാണുന്ന സമൂഹത്തിൽ മാർക്ക് വാങ്ങിയില്ലെങ്കിൽ കുറ്റബോധം, നാണക്കേട്, നഷ്ടബോധം എന്നിവ ഉണ്ടായില്ലെങ്കിലേ അതിശയിക്കാനുള്ളൂ. അങ്ങനെ കുട്ടികളെ സംബന്ധിച്ചിടത്തോളം തോൽവി വല്ലാത്ത മാനസികാവസ്ഥ സൃഷ്ടിക്കുന്നു. കുട്ടികളുടെ പഠിത്തത്തിൽ അവരുടെ മാതാപിതാക്കൾ തമ്മിലുള്ള മത്സരബുദ്ധിയും, കുട്ടികളുടെ വിജയം തങ്ങളുടെ അഭിമാനപ്രശ്നമായി മാറ്റുന്നതും കുട്ടികളെ ബാധിക്കും.അധ്യാപകരും മാതാപിതാക്കളും, വിദ്യാർത്ഥികളും ഒരു ടീമായി പ്രവർത്തിക്കണം. അനാരോഗ്യകരമായ ഒരു മൽസരത്തിലേക്ക് അവരെ വലിച്ചിഴയ്ക്കരുത്. ഓരോ കുട്ടിയും തന്റെ കഴിവനുസരിച്ചു പഠിക്കട്ടെ. കുട്ടികളെ മറ്റുള്ളവരുമായി താരതമ്യപ്പെടുത്തരുത്. ഓരോരുത്തരും അവരവരുടെ കഴിവുകൾ കണ്ടെത്തി വികസിപ്പിച്ചെടുക്കുന്ന ഒരു മാനസികാവസ്ഥ ഉണ്ടാക്കിയെടുക്കണം. മറ്റുള്ളവരെ വലിച്ചു താഴെയിട്ട് എനിക്കു മുന്നേറണമെന്നുള്ള ചിന്തയെക്കാൾ മറ്റുള്ളവർക്ക് എന്തു ചെയ്യാൻ സാധിക്കുമെന്ന മൂല്യബോധത്തിലേക്കുള്ള മാറ്റം സ്വാർത്ഥതയിൽ നിന്നും, വികലമായ മത്സരബുദ്ധിയിൽ നിന്നും നമ്മെ അകറ്റും. ***മാർക്ക് കിട്ടാൻ വേണ്ടി പഠിക്കുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. പഠനം രസകരമാക്കണം. പഠനത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളണം. അപ്പോൾ പരീക്ഷ ഒരു ആഘോഷമാകും.***

ഈ പരീക്ഷയ്ക്ക് എൺപത്, അല്ലെങ്കിൽ എഴുപതു ശതമാനം മാർക്ക് കിട്ടണമെന്നു പറയുന്നതും കുട്ടികൾക്കു ടെൻഷൻ ഉണ്ടാക്കും. അങ്ങനെയാണെങ്കിൽ എന്നുമവർക്ക് അതൊരു പേടിസ്വപ്നമാകും. ഓരോരുത്തരും അവരവരുടെ കഴിവ് നന്നായുപയോഗിച്ചു പഠിക്കുക. ഇങ്ങനെയുള്ള കുട്ടികളെ പരീക്ഷാഭയം അലട്ടുകയില്ല. അതുപോലെ, പഠിച്ചിട്ട് ഒന്നും ഓർക്കുന്നില്ലെന്ന് കുട്ടികൾ സാധാരണ പറയാറുണ്ട്. ഇതൊരു തോന്നലാണ്. നന്നായി പഠിച്ചാൽ ഓർക്കാതിരിക്കില്ല. പഠിച്ചാൽ കുറച്ചൊക്കെ മറക്കും. ഇതംഗീകരിച്ചാൽ ഓർമ്മയെപ്പറ്റിയുള്ള പരാതി തീരും. നന്നായി പഠിക്കാതെ പരീക്ഷയ്ക്കു വന്ന ഒരു വിദ്യാർത്ഥി പരീക്ഷയൊക്കെ ഒരു വിധം എഴുതിക്കഴിഞ്ഞ് ഒരു പേജ് എഴുതാതെ വിട്ടു. അതിന്റെ അടിയിൽ ഇപ്രകാരമെഴുതി. "Dedicated to my memory which recently passed away."!

ഓർമ്മയെപ്പറ്റി കുട്ടികൾ പറയുന്ന കാര്യങ്ങൾ വെറും തോന്നലാണ്. പഠിത്തത്തിന്റെ ആഴമനുസരിച്ച് ഓർമ്മ കൂടുകയോ കുറയുകയോ ചെയ്യുമെന്നുള്ളത് ശാസ്ത്രീയമാണ്. പല പ്രാവശ്യം ആവർത്തിച്ചു പഠിക്കുന്നവർക്ക് നന്നായി ഓർമ്മിക്കാൻ സാധിക്കും. പരീക്ഷയെപ്പറ്റിയും തോൽവിയെപ്പറ്റിയുമുള്ള നമ്മുടെ മൂല്യങ്ങളും, അവയോടുള്ള മനോഭാവവും നന്നായാൽ പരീക്ഷയെപ്പറ്റിയുള്ള ഉൽക്കണ്ഠ പാടേ മാറുമെന്ന കാര്യത്തിൽ സംശയമില്ല. ചോദ്യങ്ങൾ മുഴുവൻ ലളിതമായിരിക്കണമെന്ന ചിന്തയോടെ ഒരു വിദ്യാർത്ഥിയും പരീക്ഷയ്ക്കു പോകരുത്. പരീക്ഷ കഠിനമായിരുന്നാൽ പോലും ഞാൻ ധൈര്യമായി പരീക്ഷ എഴുതുമെന്ന ശുഭാപ്തിവിശ്വാസമാണ് കുട്ടികൾ

## CHRISTIAN UNITY *(Contd. from Page - [illegible])*

others as having the dignity of sharing in this task-and so someone who lives in an atmosphere where it is possible to rely on law and regularity. St. Paul speaks of a 'law' that needs to be set aside and put in perspective because it has become simply a system of regulations that enable one set of people to claim superiority over another because they keep the rules. The true law of God's people, Jewish and gentile alike, is that universal recognition of dignity which checks and judges all selfish aims and tells us that we must find our good and our peace always together, always in relation to God and one another.

So where there is no creative freedom to discuss and to modify how we live together and where there is no law, no predictability and equity and openness, no guarantees against arbitrary violence, there is no citizenship. Where there is no citizenship, there is no building of the new world that Christ has made possible. It may be said that St. Paul is not talking about politics; but the fact is that he is talking about how human beings become most fully alive and what the redeemed life looks like. Political and social conditions can make this closer or further away. If people are held back from responsibility and liberty in the places where they live, it is usually a good deal harder for them to see themselves as citizens in God's kingdom, to know they are free in God's eyes.

So much of the tragedy that surrounds us here has to do with citizenship. Europe's history created a world in which it seemed that only in Israel was it possible for Jews to feel themselves fully citizens, fully in possession of their dignity and security; nothing should compromise our shared commitment to this. But now we also face a situation in which they and all of us must ask about those others who feel unable to exercise their civic and human dignities. What is needed is not only the refusal of violence and the continuing work of local and international peacemakers but the steady effort to create citizenship in the sense I have described in the disadvantaged communities of this region. This means a great deal of prosaic and undramatic work to create good policing and public services, realistic credit facilities for business, security for schools and hospitals. It cannot happen overnight, and it cannot happen without the imaginative co-operation of more than one government and a willingness to invest in a future which at the moment seems unimaginably far away. And in case we see this as only a matter of concern in the Palestinian communities, it is worth remembering on the other side of the fence the strains on civil society and welfare, on the whole of an economy, when the pressure is always to devote more of a national budget to military resources. If two negihbour communities can begin to become truly civil societies in which law and human dignity are taken absolutely seriously, there is the chance of growth towards a human fellowship in which the presence of God can become visible-a community which is becoming a temple, as Paul says, a place where the Spirit dwells.

The vision of the apostle and prophet is essential, as we have seen; the life and witness of the Christian Church in its spiritual fullness is essential in this region. And the churches here and elsewhere have to examine themselves again and again as to whether they are nourishing these callings. It is worth remembering that Dietrich Bonhoeffer said in the last days of the war, just before he was executed for his resistance to Hitler, that the churches in 1930's Germany had lost credibility by concentrating only on their own problems and demanding their own freedom, and failing to work for those of their neighbours who were most appallingly at risk, the Jews of Germany. A church of apostles and prophets will have its eyes on whoever is most at risk in this present moment, Jews and gentiles together, not on its own inner struggles and tensions-and I know that this is in so many ways a reproach to many church and to myself as to others.

But then we need the vision of the practical organiser, the person who commits his energy to law and regularity, to controlling violence and enabling ordinary exchanges, helping the shopkeeper and the farmer and the nurse and the teacher. Heroism, for the Christian, is here, not in gestures and words, let alone in threats and murders. And the challenge to churches and governments across the world is to put resources at the disposal of this work, without which so little can be hoped for.

And last we come back to the ultimate foundation which is also the keystone holding everything together, Jesus Christ. He alone has broken down the walls, because he is in his own person the embodiment of God's law and God's love. He has transformed how every human being may be seen; he gives dignity, citizenship in the Kingdom of the Father; he sustains the patient, undramatic labour of the daily faithful world that recognises this dignity. And it is his Spirit outpoured that raises up apostles and prophets. *In our prayers for the unity of Christians let us pray for those gifts to be shared among us all, so that we may more and more see the one road we all walk upon towards the Father, so that we become true agents of peace,* so that we may begin to build a holy temple in our life together and to draw all our neighbours towards the peace that reigns where God dwells. Even here and even now, we have to hear the voice which says, 'Do not let your hearts be troubled'; we have to let Jesus renew us in trust and lead us in the way where he walks before us.

*(Sermon preached at the Ecumenical Service at the Anglican Cathedral, Jerusalem, on 27 January 2004.)*

ക്കാവശ്യം:

*'പരീക്ഷയിൽ തോറ്റാൽ എല്ലാം തകർന്നുവെന്ന ചിന്തയാണ് നാം പലപ്പോഴും കുട്ടികൾക്കു കൊടുക്കുന്നത്. ജീവിതത്തെ ധന്യമാക്കുന്നത് തോൽവിയും വിജയവുമല്ല. അതിലുപരി, ദൈവാനുഗ്രഹമാണ്.* തോൽവിയും വിജയവും ജീവിതത്തിന്റെ ഒഴിച്ചുകൂടാൻ പറ്റാത്ത രണ്ടു ഘടകങ്ങളാണ്. അതംഗീകരിച്ചാൽ പരീക്ഷയോടുള്ള ഭയവും ടെൻഷനും മാറും. ചരിത്രകാരനായ ചാൾസ് ബേർഡിന്റെ വിദ്യാർത്ഥികൾ മാർക്കറിയാൻ അദ്ദേഹത്തിന്റെ മുറിയിലെത്തി. അദ്ദേഹം പറഞ്ഞു. ഞാൻ പേപ്പർ നോക്കിയില്ല. പക്ഷേ, മാർക്കിടുമ്പോൾ നിങ്ങൾക്കെല്ലാവർക്കും നീതി ലഭിക്കും. അപ്പോൾ ഒരു കുട്ടി പറഞ്ഞു: സർ, ഞങ്ങൾക്ക് നീതിയല്ല, കരുണയാണാവശ്യം. ദൈവത്തിന്റെ കരുണയിൽ വിശ്വസിച്ച് മുന്നോട്ടു പോകുന്നവർക്ക് പരീക്ഷ ഒരു കീറാമുട്ടിയാവില്ല.

കേരളത്തിലെ ക്രൈസ്തവ പ്രസിദ്ധീകരണങ്ങളെ അധികരിച്ചുള്ള

# പാർശ്വ ചിന്തകൾ



ഡോ. സി. ജെ. റോയ്

### നോമ്പുകാല പാഠങ്ങൾ

ഇത് നോമ്പുകാലം. പ്രാർത്ഥനയ്ക്കും ഉപവാസത്തിനും ദാനധർമ്മങ്ങൾക്കുമായി മാറ്റി വയ്ക്കപ്പെട്ട നാളുകൾ. ക്രൈസ്തവ സഭയുടെ ചില പവിത്ര പാരമ്പര്യങ്ങൾ അവയിൽ ആവിഷ്കാരം നേടുന്നു. പാപമോചനത്തിനുള്ള പ്രാർത്ഥനയും ഉപവാസവും യഹൂദമതാചാരങ്ങളുടെ ഭാഗമാണ്. യഹൂദജനത്തിനു പിന്നിടേണ്ടിവന്ന ദുരനുഭവങ്ങളുടെ അനുസ്മരണവും, കൈവന്ന അനുഗ്രഹങ്ങളിലുള്ള നന്ദിപ്രകടനവും അവയിലുണ്ട്. പുതിയനിയമത്തിൽ അതിന്റെ പിൻതുടർച്ച കാണാം. യേശു തന്നെയും തന്റെ പരസ്യജീവിതം ആരംഭിക്കുന്നതു നാൽപ്പതു ദിവസത്തെ ഉപവാസത്തിനുശേഷമാണെന്നു സുവിശേഷങ്ങൾ പറയുന്നു. പ്രാർത്ഥനയും ഉപവാസവും വഴി പിതാവായ ദൈവവുമായി യേശു ബന്ധം പുലർത്തുകയും ശാരീരിക തൃഷ്ണകൾക്കു മേൽ ജയം നേടി ദൈവരാജ്യത്തിന്റെ അടയാളങ്ങൾ ജനങ്ങൾക്കു വെളിപ്പെടുത്താൻ കഴിയുന്ന ആദ്ധ്യാത്മിക ശക്തിയുടെ ഉടമയാവുകയും ചെയ്തു. യേശുവിനു കൈവന്ന തീവ്രമായ ഈ ദൈവാനുഭവത്തിനുള്ള അവസരമെന്ന നിലയ്ക്കാണു നമ്മുടെ നോമ്പാചരണം.

നോമ്പ് എന്തെന്നും എന്തിനെന്നുമുള്ള ഒരന്വേഷണം, 'കുടുംബജ്യോതിസ്'' മാർച്ച് ലക്കത്തിലുണ്ട്. സഭയ്ക്ക് ഇത് പുതിയ ആരാധനാവർഷത്തിന്റെ ആരംഭമാണ്. ആരാധനാവർഷത്തിന്റെ അടിസ്ഥാനവും കേന്ദ്രബിന്ദുവും ഉയിർപ്പാണ്. ഉയിർപ്പിലൂടെ ക്രിസ്തു സാധിച്ചത് പാപത്തിന്റെയും മരണത്തിന്റെയും മേലുള്ള വിജയത്തിലൂടെ പുതിയൊരു യുഗത്തിന്റെ ആരംഭം. ക്രിസ്തുമതാനുയായികളെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഉയിർപ്പു പെരുനാളിനുള്ള ഒരുക്കമാണു നോമ്പാചരണം. മൂന്നാം നൂറ്റാണ്ടിൽ അലക്സാണ്ട്റിയാ സഭയിലായിരുന്നു അതിന്റെ തുടക്കം. അവിടെനിന്ന് മറ്റിടങ്ങളിലേക്ക് അതു വ്യാപിച്ചു.

നോമ്പിന് അകവും പുറവുമെന്നു രണ്ടു തലങ്ങളുള്ളതായി കുടുംബജ്യോതിസ് ചൂണ്ടിക്കാണിക്കുന്നു. ഭക്ഷ്യപദാർത്ഥങ്ങളുടെയും മറ്റു ജീവിതസുഖങ്ങളുടെയും തിരസ്കാരമാണു പുറം. അകമാകട്ടെ, ദാസനായി കുരിശുമരണത്തോളം സ്വയം താഴ്ത്തിയ കർത്താവിനെ അനുകരിക്കാനുള്ള ശ്രമം. അഥവ, സാർത്ഥതയിൽ നിന്നകന്ന് ദൈവത്തോടു ചേരാനും അനുതപിച്ച് കർത്താവിന്റെ ഉയിർപ്പിൽ പങ്കുചേരാനുമുള്ള അവസരം. ഒടുവിൽ പറഞ്ഞതാകണം നോമ്പിലൂടെ നാം സാധിക്കേണ്ടതെന്നു ലേഖനം അനുസ്മരിപ്പിക്കുന്നു.

നോമ്പ് ഉൾക്കൊള്ളുന്ന ബാഹ്യമായ അനുഷ്ഠാനങ്ങൾക്കപ്പുറത്ത് ജീവിതശൈലിയിൽ മാറ്റം വരുത്താൻ നാം ഒരുക്കമാണോയെന്നതാണ് നാം ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യവെല്ലുവിളിയെന്നു റവ. ഡോ. മാത്യു ഡാനിയൽ 'കേരള യുവത'യിൽ. ക്രിസ്തുവിന്റെ ജീവിതശൈലി സ്വയം വരിക്കാനുള്ള അഭിലാഷത്തിൽ നിന്നാകണം വർജ്ജനങ്ങളുടെയും വ്രതനിഷ്ഠകളുടെയും പിറവി. എന്തായിരുന്നു ക്രിസ്തുവിന്റെ ജീവിതശൈലിയെന്ന് പൗലോസ് അപ്പോസ്തലന്റെ വാക്കുകളിൽലൂടെ അദ്ദേഹം വ്യക്തമാക്കുന്നു. സ്വയം ശൂന്യമാക്കി ദാസരൂപം പൂണ്ട് മനുഷ്യനായി തന്നത്താൻ താഴ്ത്തി മരണത്തോളം അനുസരണമുള്ളവൻ. അതുതന്നെയാകണം അവനെ പിൻതുടരുന്നവരും. അതിനുള്ള ശിക്ഷണമാകണം നോമ്പ്.

> ക്രിസ്തുമതാനുയായികളെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഉയിർപ്പു പെരുനാളിനുള്ള ഒരുക്കമാണു നോമ്പാചരണം. ബാഹ്യമായ ആചരണങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങുന്നവയായിക്കൂടാ നമ്മുടെ നോമ്പാചരണം. ആത്മശുദ്ധീകരണത്തിൽ ഉൾച്ചേർന്നിരിക്കുന്ന പരസ്നേഹമാകണം അതിന്റെ കാതൽ.

നോമ്പുകാലം കേവലം ഉപവാസത്തിനും ദാനധർമ്മത്തിനും പ്രാർത്ഥനയ്ക്കുമുള്ള കാലമെന്നതിലധികം അനുരഞ്ജനത്തിനും മാനസാന്തരത്തിനുമുള്ള കാലമാണെന്ന് 'സത്യദീപം.' ധൂർത്തപുത്രൻ പിതാവിന്റെയടുക്കലേക്കെന്നപോലെ ദൈവത്തിലേക്കു ഓടിയടുക്കുവാനുള്ള കാലം. ഈ തീർത്ഥയാത്രയിൽ ദൈവവുമായും മനുഷ്യരുമായും പ്രകൃതിയുമായും നമുക്കുള്ള ബന്ധത്തിൽ സംഭവിച്ച പാളിച്ചകൾ മനസ്സിലാക്കി അപാകതകൾ നീക്കുക, ജീവിതത്തെ ദൈവിക കാഴ്ചപ്പാടിലാക്കുക, തെറ്റുകൾ ദൈവമുമ്പാകെ ഏറ്റുപറഞ്ഞ് വിശുദ്ധി നേടുക. ചുരുക്കത്തിൽ, തിന്മയെ ഉപേക്ഷിക്കാനും നന്മയെ കൈക്കൊള്ളാനുമുള്ള കാലം.

നമുക്കു മുന്നിൽ മൂന്നു കുരിശുകൾ. അവയിൽ തറയ്ക്കപ്പെട്ട മൂന്നുപേർ. നടുവിലുള്ളവന്റെ തലയ്ക്കു മുകളിൽ ഇങ്ങനെ എഴുതിയിരിക്കുന്നു: നസ്രേത്തിലെ യേശു, യഹൂദരുടെ രാജാവ്. അതൊരു പരിഹാസമായിരുന്നു. അത് എത്രത്തോളം അർത്ഥശൂന്യമെന്ന് കാലം തെളിയിച്ചു, അവനു കൈവന്ന സമസ്ത ലോകത്തിന്മേലുമുള്ള രാജത്വത്തിലൂടെ മറ്റാരെയും പോലെ മരണത്തോടെ അവസാനിക്കുന്നതായിരുന്നില്ല അവന്റെ ജീവിതം. പത്രോസ് പറഞ്ഞതുപോലെ, അധർമികളുടെ കൈകൾ കുരിശിൽ തറച്ചുകൊന്ന അവനെ ദൈവം മരണത്തിന്റെ കയ്പായ അനുഭവത്തിൽ നിന്നു മോചിപ്പിച്ച് ഉയിർത്തെഴുന്നേൽപ്പിച്ചു. ക്രൈസ്തവ വിശ്വാസത്തിൽ ഉയിർപ്പിനുള്ള പ്രാധാന്യം പൗലോസ് അപ്പോസ്തലൻ ഇങ്ങനെ ഊന്നിപ്പറയുന്നു: ക്രിസ്തു ഉയിർത്തെഴുന്നേറ്റില്ലായിരുന്നെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം.

ഉയിർപ്പാണ് ക്രൈസ്തവചിന്തയുടെ കേന്ദ്രബിന്ദു. ക്രിസ്തുവിന്റെ ജീവിതവും സന്ദേശവും ദൗത്യവും വിലയിരുത്തുന്നതിൽ അതു സുപ്രധാനം. പാപത്തിന്റെയും തിന്മയുടെയും ബന്ധനത്തിൽ നിന്നുള്ള വിമോചനത്തിന് ഇണങ്ങുന്ന തരത്തിൽ നമ്മുടെ ചിന്തകളും വാക്കുകളും പ്രവൃത്തിയും മാറ്റുവാൻ നോമ്പുകാലം ഉപകരിക്കണം. ബാഹ്യമായ ആചരണങ്ങളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങുന്നവയായിക്കൂടാ നമ്മുടെ നോമ്പാചരണം. ആത്മശുദ്ധീകരണത്തിൽ ഉൾച്ചേർന്നിരിക്കുന്ന പരസ്നേഹമാകണം അതിന്റെ കാതൽ. കുടുംബങ്ങളിലും സഭകളിലും സമൂഹങ്ങളിലും ക്രൂരത വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ അവയിൽ നിന്ന് മോചനം നേടി ദൈവകൃപയ്ക്കർഹരാകാൻ നോമ്പാചരണം നമ്മെ സഹായിക്കട്ടെ. ●



# ചികിത്സ വേണ്ടുന്ന ചികിത്സാ രംഗം



ഡോ. ജോസ് പാറക്കടവിൽ

കുടുംബഡോക്ടർ എന്ന സങ്കൽപ്പത്തിലേക്കും ആരോഗ്യാവബോധത്തിലേക്കും സാധാരണ ജനങ്ങളെ കൊണ്ടുചെല്ലുവാൻ കഴിയണമെന്ന ഡോക്ടർ ഇക്ബാലിന്റെ നിർദ്ദേശം തികച്ചും പ്രസക്തമാണ്. ഇത്തരമൊരു അവബോധം വളർത്തിയെടുക്കുവാൻ സഭകൾക്കും കഴിയേണ്ടതാണ്.

**'ന്യൂ വിഷൻ'** മാർച്ച് ലക്കത്തിൽ ഡോ. ഇക്ബാൽ എഴുതിയ "വൈദ്യശാസ്ത്രത്തിന്റെ ധാർമികനീതി" എന്ന ലേഖനം ശ്രദ്ധേയമായ പല ആശയങ്ങൾ കൊണ്ടു സമ്പുഷ്ടമാണ്. ലേഖനത്തിന്റെ അവസാനഭാഗത്തു സൂചിതമായിരിക്കുന്ന ഒരു വസ്തുത ക്രിസ്തീയസഭയും ആരോഗ്യസേവനവും തമ്മിലുള്ള ബന്ധമാണ്. അതിനാൽ ലേഖനത്തിൽ ഉന്നയിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിക്കുവാൻ സഭകൾക്കു കൂടുതൽ ബാദ്ധ്യതയുണ്ട്. ലേഖകൻ പരാമർശിച്ചിരിക്കുന്ന ചെറുകിട ആശുപത്രികളുടെ പതനം അധികമാരും ശ്രദ്ധിക്കാതെ പോകുന്ന ഗൗരവതരമായ ഒരു പ്രശ്നമാണ്. സൂപ്പർ സ്പെഷ്യാലിററി ആശുപത്രികളുടെ ആവിർഭാവത്തോടുകൂടി ജനങ്ങൾക്ക് അത്യാവശ്യ വൈദ്യസേവനം നൽകിയിരുന്ന ഇത്തരം അനവധി ആശുപത്രികൾ അവഗണിക്കപ്പെട്ടു. വൻകിട ആശുപത്രിക്കാർ ഈ തരത്തിലുള്ള സ്ഥാപനങ്ങളെപ്പറ്റി മോശമായ അവബോധം സൃഷ്ടിക്കുവാൻ ശ്രമിക്കുന്നുമുണ്ട്. അതിന്റെ ഫലമായി, സാമ്പത്തിക പരാധീനതകളിൽ കഴിയുന്നവർ പോലും ചെറിയ ആശുപത്രികളെ ഉപേക്ഷിച്ച് വൻകിട ചികിത്സാകേന്ദ്രങ്ങളെ ആശ്രയിക്കുന്നു. വിപുലമായ സജ്ജീകരണങ്ങളുമായി കാത്തിരിക്കുന്ന സൂപ്പർ ആശുപത്രികൾ നിരവധി ടെസ്റ്റുകളിലൂടെയും ഭീമമായ പലതരം ഫീസുകളിലൂടെയും രോഗിയുടെ മേൽ ദുർവഹമായ സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്നു.

കുടുംബഡോക്ടർ എന്ന സങ്കൽപ്പത്തിലേക്കും ആരോഗ്യാവബോധത്തിലേക്കും സാധാരണ ജനങ്ങളെ കൊണ്ടുചെല്ലുവാൻ കഴിയണമെന്ന ഡോക്ടർ ഇക്ബാലിന്റെ നിർദ്ദേശം തികച്ചും പ്രസക്തമാണ്. ഇത്തരമൊരു അവബോധം വളർത്തിയെടുക്കുവാൻ സഭകൾക്കും കഴിയേണ്ടതാണ്. കേരളത്തിൽ ആരോഗ്യരംഗത്തുണ്ടാകുന്ന അസന്തുലിതാവസ്ഥകൾ ശ്രദ്ധിക്കുവാൻ കൂടി സഭകൾക്കു കഴിയണം. ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത നിരീക്ഷിച്ചാൽ, ചില പ്രദേശങ്ങളിൽ ആശുപത്രികൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നതു കാണാം. അതേസമയം പ്രാഥമിക ചികിത്സാസൗകര്യങ്ങൾ ലഭ്യമല്ലാത്ത പല പ്രദേശങ്ങളും കേരളത്തിലുണ്ട്. വ്യാജഡോക്ടറന്മാർ അവിടെ നിർബാധം വിലസുകയും രോഗികൾക്കു ദുരിതങ്ങൾ സമ്മാനിക്കയും ചെയ്യുന്നു.

ഒരു ജനറൽ പ്രാക്ടീഷണറുടെ സേവനം ഈ മേഖലകളിൽ വളരെ സഹായകമാണ്. മിക്ക രോഗങ്ങൾക്കും ഇത്തരമൊരു ഡോക്ടറുടെ ചികിത്സ മതിയാകും. ഉപരിചികിത്സ ആവശ്യമുള്ള രോഗികൾക്കു ഏതു തരം ഡോക്ടറുടെ ചികിത്സയാണാവശ്യമെന്നു നിർദ്ദേശിക്കുവാനും ഈ ഡോക്ടർക്കു കഴിയും. മാത്രമല്ല, തിരക്കു പിടിച്ച ആശുപത്രിയിലെ ഡോക്ടറെക്കാൾ, രോഗിയെ സഹായിക്കാൻ കഴിയുന്നത് രോഗിയുടെയും കുടുംബാംഗങ്ങളുടെയും ആരോഗ്യചരിത്രം അടുത്തറിയാവുന്ന ഒരു ചെറിയ ആശുപത്രിയിലെ ഡോക്ടർക്കാണ്. **അനാവശ്യ മരുന്നുകൾ, അനാവശ്യ ടെസ്റ്റുകൾ, അനാവശ്യ യാത്ര, അനാവശ്യ കാത്തിരിപ്പ് ഇവയൊക്കെ ഒഴിവാക്കി സാധാരണ രോഗങ്ങൾക്ക് വിദഗ്ദ്ധചികിത്സയും ആവശ്യമായ മാർഗനിർദ്ദേശവും നൽകുന്ന കാര്യക്ഷമതയുള്ള ചെറുകിട ആശുപത്രികൾക്ക് എല്ലാ കാലത്തും പ്രസക്തിയുണ്ട്.** ചികിത്സാരംഗത്ത് വൻ മുതൽമുടക്കുമായി ധാരാളമാളുകൾ രംഗപ്രവേശം ചെയ്തുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഈ മറുവശം പരിഗണിക്കപ്പെടണം. വൻകിട ആശുപത്രികളുടെ ആധിക്യം മൂലം മുംബൈ നഗരത്തിലെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ നേരിടുന്ന പ്രതിസന്ധിയെപ്പറ്റി ഈയിടെ പത്രവാർത്തയുണ്ടായിരുന്നു. വൻകിട ആശുപത്രികൾക്കു വേണ്ടി പണം മുടക്കുന്നവർ ഇത്തരം ഭവിഷ്യത്തുകളെക്കുറിച്ചും ചിന്തിക്കേണ്ടിയിരിക്കുന്നു. ●



# കരിയിലകൾ

ചിത്രശൈലം മനോഹരവും സമ്പദ്സമൃദ്ധവുമായ രാജ്യമായിരുന്നു. അവിടത്തെ രാജാവായ ധർമസേനൻ തികച്ചും നീതിമാനും നല്ലയൊരു കലാസ്വാദകനുമായിരുന്നു. ശിൽപ്പങ്ങളോടും കലാമൂല്യമുള്ള വസ്തുക്കളോടും അദ്ദേഹത്തിന് അടങ്ങാത്ത അഭിനിവേശമായിരുന്നു. അങ്ങനെയിരിക്കെയാണ് ധർമസേനന്റെ മനസ്സിൽ ഒരു പുതിയ ആശയമുണ്ടായത്, "മനോഹരമായ ഒരു പൂന്തോട്ടം ഉണ്ടാക്കണം." ഒരു നിമിഷംപോലും പിന്നീട് അമാന്തിച്ചില്ല. ആ രാജ്യത്തു കിട്ടാവുന്നതിൽ ഏറ്റവും വിദഗ്ദ്ധരായ പൂന്തോട്ട ശിൽപ്പികളെല്ലാം കൊട്ടാരത്തിലേക്കു ക്ഷണിക്കപ്പെട്ടു. അവരോടെല്ലാം രാജാവിന് ഒരൊറ്റ കാര്യമേ പറയാനുണ്ടായിരുന്നുള്ളൂ. "അതിമനോഹരമായ ഒരു പൂന്തോട്ടം നിർമ്മിക്കണം. ഒരാളും യാതൊരു കുറവും ആ ഉദ്യാനത്തെക്കുറിച്ചു പറയരുത്. മറ്റാർക്കും അതുപോലൊന്ന് നിർമ്മിക്കാനും കഴിയരുത്. എന്നെന്നും അതൊരദ്ഭുതമായിത്തന്നെ നിലനിൽക്കണം. ചിലവ് ഒരു പ്രശ്നമല്ല."

എല്ലാ ഭരണകാര്യങ്ങളും വിശ്വസ്തരായ മന്ത്രിമാരെ ഏൽപ്പിച്ച രാജാവ് ഉദ്യാനനിർമ്മാണത്തിനു മേൽനോട്ടം വഹിച്ചു. നിരന്തരമായ ചർച്ചകൾക്കും നടപ്പിലാക്കലുകൾക്കുമൊടുവിൽ പൂന്തോട്ടനിർമ്മാണം പൂർത്തിയായി. ഈ കാലമത്രയും മറ്റാരെയും ആ പ്രദേശത്തേക്ക് പ്രവേശിപ്പിച്ചിരുന്നില്ല. പൂന്തോട്ടം കാണാൻ രാജാവ് ആദ്യമായി ക്ഷണിച്ചത് തന്റെ ഏറ്റവും പ്രമുഖനായ മുഖ്യമന്ത്രിയെയാണ്. വാതിൽ കടന്നുവന്ന മന്ത്രിക്ക് ഏതാനും നിമിഷത്തേക്ക് ശബ്ദിക്കാൻ കഴിഞ്ഞില്ല. അത്രയ്ക്കു മനോഹാരിതയുണ്ടായിരുന്നു ആ പൂന്തോട്ടത്തിന്. ഇന്ദീവരങ്ങൾ മാത്രം പൂത്തു നിൽക്കുന്ന ഒരു നീലപ്പൊയ്കയ്ക്കു മുന്നിൽ അദ്ഭുതസ്തബ്ധനായി നിൽക്കുന്ന തന്റെ മഹാമന്ത്രിയെ കണ്ട രാജാവിന്റെ മനസ്സ് വൃശ്ചികത്തിലെ പുലർകാലം പോലെ കുളിർത്തു.

'ഉദ്യാനത്തെക്കുറിച്ച് താങ്കൾ എന്തു പറയുന്നു മഹാമന്ത്രീ?'

"രാജാവേ, സത്യത്തിൽ ഈ മനോഹാരിത വർണിക്കാൻ അടിയനു വാക്കുകൾ കിട്ടുന്നില്ല. ഇതുപോലൊന്ന് മറ്റെങ്ങും ഇല്ല തന്നെ, തീർച്ച."

'എങ്കിൽ നമുക്കിത് പൊതുജനങ്ങൾക്കായി തുറക്കാമല്ലോ?'

മന്ത്രി ഒരു നിമിഷം ചിന്തിച്ചിട്ട് ഇപ്രകാരം പറഞ്ഞു:

"പ്രഭോ, ഉദ്യാനത്തിലെ ചില വൃക്ഷങ്ങൾ പൂർണവളർച്ചയെത്താൻ രണ്ടുമൂന്നു വർഷങ്ങൾ കൂടി അനുവദിച്ചാൽ നന്നായിരുന്നു."

മന്ത്രി പറഞ്ഞതിൽ കാര്യമുണ്ടെന്നു രാജാവിനു തോന്നി.

'ശരി, എങ്കിൽ അങ്ങനെയാകട്ടെ.'

പൂന്തോട്ടം മൂന്നു വർഷത്തേക്കുകൂടി അടച്ചിടാൻ തീരുമാനിച്ചു.

ഇതിനിടയിൽത്തന്നെ ഈ അദ്ഭുത ഉദ്യാനത്തിന്റെ പ്രശസ്തി മറ്റു രാജ്യങ്ങളിലേക്കു വ്യാപിച്ചു. മനോഹരമായ ഈ ഉദ്യാനം കാണാൻ ഓരോരുത്തരും ആകാംക്ഷാപൂർവം കാത്തിരുന്നു. അങ്ങനെ മൂന്നു വർഷങ്ങൾക്കുശേഷം ആ സുദിനം വന്നെത്തി. വിശിഷ്ടാതിഥികളുടെ സാന്നിദ്ധ്യത്തിൽ പൊതുജനങ്ങൾക്കായി അത് തുറക്കപ്പെട്ടു. കണ്ടവരെല്ലാം അദ്ഭുതസ്തബ്ധരായി. അവർ രാജാവിനെ അനുമോദനങ്ങൾകൊണ്ട് മൂടി. ആർക്കും ഉദ്യാനത്തെക്കുറിച്ച് ഒരു കുറവും പറയാനുണ്ടായിരുന്നില്ല.

പെട്ടെന്നാണ് മന്ത്രി ഒരു കാര്യം ഓർമ്മിച്ചത്, "രാജഗുരുവിനെ ക്ഷണിച്ചില്ല." ഇതറിഞ്ഞ രാജാവ് ആകെ വിഷമിച്ചു. ഇങ്ങനെ ഒരപരാധം ഉണ്ടാകാൻ പാടില്ലായിരുന്നു. തിരക്കിനിടയിൽ അതു വിട്ടുപോയി നൊടിയിടയിൽത്തന്നെ ധർമ്മസേനൻ മന്ത്രിയുമൊത്ത് വനാതിർത്തിയിലുള്ള ആശ്രമത്തിലേക്കു പുറപ്പെട്ടു. ആശ്രമത്തിനു വളരെ ദൂരെ തേർ നിർത്തി അവർ നടന്ന് ആശ്രമത്തിലെത്തി. ഗുരുവിനെ കണ്ട നിമിഷം തന്നെ രാജാവ് സാഷ്ടാംഗം നമസ്കരിച്ച്, തന്റെ അനാസ്ഥയ്ക്കു ക്ഷമ ചോദിച്ചു.

"ഓ അതിൽ ഇത്രയ്ക്കു വിഷമിക്കാനൊന്നുമില്ല. കുഞ്ഞേ, ഞാനും നിന്റെ ഉദ്യാനത്തെക്കുറിച്ചു കേട്ടിരുന്നു. നിനക്കു തിരക്കു കാണുമെന്നറിയാം. അതു കഴിഞ്ഞിട്ട് വരാമെന്നു കരുതി," ഗുരു പറഞ്ഞു നിറുത്തി.

രാജാവ് ഗുരുവിനേയും കൂട്ടി കൊട്ടാരത്തിലെത്തി. അന്ന് പൊതുജനസന്ദർശനം നിരോധിച്ചിരുന്നു. പൂന്തോട്ടം പൂർവാധികം വെടിപ്പാക്കിയിട്ടിരുന്നു. ഗുരു പൂന്തോട്ടം വളരെ ശ്രദ്ധാപൂർവം നടന്നു കണ്ടു.

'ഗുരോ ഉദ്യാനം എങ്ങനെയുണ്ട്?'

"കൊള്ളാം, നന്നായിട്ടുണ്ട്. പക്ഷേ.....?"

'എന്താണ് ഗുരോ?'

"പക്ഷേ......ഇവിടെ വൃക്ഷങ്ങളിൽ നിന്നു കരിയിലകൾ വീഴാറില്ലേ?"

'ഉണ്ട്.'

"ഞാൻ ഇവിടെ ഒന്നും കണ്ടില്ലല്ലോ?"

'ഞങ്ങൾ ഒരു കരിയിലപോലും ഇവിടെ ഇടാറില്ല. എല്ലാം അപ്പപ്പോൾ തൂത്തുവാരി വൃത്തിയാക്കും.'

"കരിയിലകളില്ലാത്ത ഈ ഉദ്യാനത്തിൽ ആകെ ഒരു കൃത്രിമത്വം എനിക്ക് അനുഭവപ്പെടുന്നു."

ഗുരു ഭക്ഷണം കഴിച്ച് തിരികെപ്പോയി. പിന്നീട് മാസങ്ങൾക്കുശേഷമാണ് അദ്ദേഹം കൊട്ടാരത്തിലേക്കു വന്നത്. "ധർമസേനാ, ഉദ്യാനം ഇപ്പോൾ എങ്ങനെയുണ്ട്?", ഗുരു ചോദിച്ചു.

'അങ്ങ് നേരിട്ടു വന്ന് കണ്ടാലും.'


അവർ ഉദ്യാനത്തിലേക്കു പോയി. ഉദ്യാനം നന്നായി പരിരക്ഷിക്കപ്പെട്ടിരുന്നു.

"എന്താണ് ഇവിടെ ഇങ്ങനെ കരിയിലകൾ മൂടിക്കിടക്കുന്നത്." ഗുരു ആശ്ചര്യത്തോടെ ചോദിച്ചു.

'ഗുരോ അങ്ങല്ലേ പറഞ്ഞത് ഉദ്യാനത്തിൽ കരിയിലകൾ വേണമെന്ന്. അതിനുശേഷം ഞങ്ങൾ കരിയിലകൾ നീക്കിയിട്ടേയില്ല.'

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കു ശേഷം ഗുരു ഇപ്രകാരം പറഞ്ഞു: ധർമസേനാ, ***കഴിഞ്ഞ പ്രാവശ്യം ഞാൻ വന്നപ്പോൾ ഇവിടെ കരിയിലകളേ ഉണ്ടായിരുന്നില്ല. ഇപ്രാവശ്യം വന്നപ്പോൾ അവ മാത്രമേയുള്ളൂ. നോക്കൂ, ഇവയ്ക്കു നടുവിൽ ഒരു സമതുലിതാവസ്ഥയുണ്ട്. അതാണ് യഥാർത്ഥത്തിൽ വേണ്ടത്. അത് നീ സ്വയം കണ്ടെത്തണം. പുറമേ നിന്നാർക്കും അത് നിന്നെ പഠിപ്പിക്കാനാവില്ല. നീ കേട്ടിട്ടില്ലേ "അധികമായാൽ അമൃതും വിഷമെന്ന്."*** വേണ്ടത്ര കരിയിലകൾ അവശേഷിപ്പിച്ചും ചീഞ്ഞവ നീക്കിയും ആ ഉദ്യാനം പിന്നീട് വേണ്ട രീതിയിൽ സംരക്ഷിക്കപ്പെട്ടു. ബുദ്ധിമാന്മാർ ആ ഉദ്യാനത്തെ 'നല്ല ജീവിതം' എന്നു പേർ വിളിച്ചുവരുന്നു.

(കടപ്പാട്)



# തീർത്ഥാടനത്തിനിടയിൽ

ഡോ. ഏബ്രഹാം കരിക്കം

**സംസ്കാരങ്ങളുടെ പോരാട്ടം വേണ്ട**

മുസ്ലിം-ക്രിസ്ത്യൻ ബന്ധം മെച്ചപ്പെടുത്തുന്നതിൽ യൂണിവേഴ്സിറ്റികൾക്ക് എന്തുചെയ്യാനാകുമെന്നതായിരുന്നു മെൽബൺ യൂണിവേഴ്സിറ്റിയിൽ ഫെബ്രുവരി 10 മുതൽ 13 വരെ ചേർന്ന സമ്മേളനത്തിലെ ചിന്താവിഷയം. ലോകത്തെ ഞെട്ടിച്ച 2001 സെപ്ടംബർ 11 ദുരന്തത്തിനുശേഷമാണ് യൂണിവേഴ്സിറ്റികൾ ഇങ്ങനെയൊരന്വേഷണത്തിനു തുടക്കമിട്ടത്. പല രാജ്യങ്ങളിൽ നിന്നായി 70 പേർ സംബന്ധിച്ച ഈ യോഗത്തിൽ മുപ്പതു പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. 200 കോടി ക്രിസ്ത്യാനികളും 120 കോടി മുസ്ലീങ്ങളുമുള്ള ലോകത്ത് അവർ തമ്മിലടിച്ചാൽപ്പിന്നെ സർവനാശമായിരിക്കും ഫലം. അബ്രഹാമിന്റെ സന്തതികളാണ് ഇരുകൂട്ടരും. സഹോദരങ്ങൾ പരസ്പരസ്പർദ്ധയില്ലാതെ യോജിച്ചു നിന്നെങ്കിൽ ഭീകരവാദവും അനേകം യുദ്ധങ്ങളും ഒഴിവാക്കാമായിരുന്നു. ഏതായാലും ഇരുകൂട്ടരും സാമുദായികമൈത്രിക്കുവേണ്ടി ഉണർന്നു പ്രവർത്തിക്കാനാരംഭിച്ചിട്ടുണ്ട്. വലിയൊരു ദുരന്തം അങ്ങനെ പുത്തൻ സമാധാനശ്രമങ്ങൾക്കു കാരണമായി ഭവിച്ചിരിക്കുന്നു. മീറ്റിംഗിന്റെ സ്പോൺസർമാരിലൊരാൾ യോർദ്ദാനിലെ രാജാവായിരുന്നു. അദ്ദേഹം അയച്ചു തന്നെ സന്ദേശത്തിൽ ഇപ്രകാരം എഴുതിയിരുന്നു: ***"നമുക്കു വിദ്വേഷത്തെ വിദ്വേഷം കൊണ്ട് ജയിക്കാനാവില്ല. എന്നാൽ സ്നേഹത്തിന്റെ ഭാഷ കൊണ്ട് മതത്തിന്റെയും സംസ്കാരത്തിന്റെയും എല്ലാ അതിർവരമ്പുകളെയും ഉല്ലംഘിച്ച് മാനവരാശിക്കുവേണ്ടി ഒരു പുത്തൻ നിയമവ്യവസ്ഥിതി രൂപപ്പെടുത്താൻ നമുക്കു കഴിയണം."***

ഇന്ന് ധാരാളം ഏഷ്യൻ വംശജർ ഓസ്ട്രേലിയയിൽ കുടിയേറ്റക്കാരായി എത്തുന്നുണ്ട്. അവരെയെല്ലാം സായ്പ്മാരാക്കാൻ അവർ ആഗ്രഹിക്കുന്നില്ല. അത് അപകടമാണെന്ന് ചരിത്രം തെളിയിച്ചിട്ടുണ്ട്. സ്വന്തം സംസ്കാരത്തിൽ നിലനിന്നു വളരാൻ ഓരോ ദേശക്കാർക്കും എന്തു സഹായവും ചെയ്യാൻ ഇന്ന് അവിടുത്തെ മന്ത്രിസഭ തയാറാണ്. സ്കൂളുകളിൽ മലയാളവും തമിഴും തെലുങ്കും പഠിപ്പിക്കാൻ അവർ പ്രോത്സാഹനം നൽകുന്നു. പള്ളികളും അമ്പലങ്ങളും മോസ്കുകളും പണിയാൻ സഹായിക്കുന്നു. സംസ്കാരങ്ങളുടെ പോരാട്ടം വേണ്ടെന്നു സാരം. ഇതിന്റെ കാരണം അവർ പറയുന്നതു കേൾക്കുമ്പോൾ നമ്മുടെ കണ്ണുകൾ തുറക്കണം. സംസ്കാരങ്ങളുടെ വൈവിധ്യമാണ് സാമുദായിക കെട്ടുറപ്പിനു നല്ലത്. ഒന്നോ രണ്ടോ സമുദായങ്ങൾ മാത്രം പ്രബലപ്പെടുമ്പോൾ അവർ മേധാവിത്വത്തിനായി തമ്മിലടിക്കാൻ തുടങ്ങും. ***ഒരു സംസ്കൃതിയും മറ്റൊന്നിനെക്കാൾ മെച്ചമല്ല. ആഗോളവൽക്കരണത്തിന്റെ പശ്ചാത്തലത്തിൽ ഇത്തരമൊരു തിരിച്ചറിവ് വളരെയേറെ ഗുണം ചെയ്യും. എല്ലാരെക്കൊണ്ടും കോക്കകോള കുടിപ്പിക്കേണ്ട കാര്യമില്ല.***

1991-ൽ സഭകളുടെ ലോകകൗൺസിൽ ജനറൽ അസംബ്ലിയിൽ സംബന്ധിക്കാൻ പോയപ്പോൾ ഞാൻ കണ്ട ഓസ്ട്രേലിയ അല്ല ഇന്ന്. അവിടുത്തെ ആദിവാസി സഹോദരങ്ങൾക്കു അന്ന് സ്വത്തവകാശമില്ലായിരുന്നു. അന്തരിച്ച പൗലോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത അന്നത്തെ ഓസ്ട്രേലിയൻ പ്രധാനമന്ത്രിയെ ഈ പ്രശ്നത്തിന്റെ പേരിൽ സ്റ്റേജിലിരുത്തി വിയർപ്പിച്ചത് ഓർമയിൽ നിന്ന് മറഞ്ഞിട്ടില്ല. എന്നാൽ ഇന്ന് സ്ഥിതി വളരെ മെച്ചപ്പെട്ടിരിക്കുന്നു. ആദിവാസികളുടെ നില ലോകത്തെല്ലാടവും നന്നാവുന്നുണ്ട്. ഇന്ത്യ അതു മനസ്സിലാക്കണം. ഓസ്ട്രേലിയയിൽ ഒരു വിദ്യാഭ്യാസ വിപ്ലവം നടക്കുന്നുവെന്നതാണ് പര്യടനത്തിനിടയിൽ ഞാൻ ശ്രദ്ധിച്ച മറ്റൊരു കാര്യം. ലോകമെമ്പാടുമുള്ള വിദ്യാർത്ഥികളെ അവർ അങ്ങോട്ടാകർഷിക്കുന്നു. ഭാരിച്ച ഫീസാണെങ്കിലും ലോകോത്തരമായ വിദ്യാഭ്യാസം ലഭിക്കുന്നതിനാൽ ധാരാളം പേർ എത്തുന്നു. ഇന്ത്യയിൽ നിന്നും ഏഷ്യയിലെ മറ്റു രാജ്യങ്ങളിൽ നിന്നും വരുന്ന കുട്ടികൾ രാത്രിയിൽ ടാക്സിയോടിച്ച് ധാരാളം പണം സമ്പാദിക്കുന്നുണ്ടത്രെ. **കുറ്റകൃത്യങ്ങൾ അവിടെ വിരളമായതിനാൽ പെൺകുട്ടികൾക്കു രാത്രിയിൽ ആരെയും പേടിക്കേണ്ട കാര്യമില്ല. പകൽ പഠിത്തം, രാത്രിയിലും അവധി ദിവസങ്ങളിലും പല തരം ജോലികൾ. നമ്മുടെ നാട്ടിലാണെങ്കിലോ? ഉള്ളതെല്ലാം തച്ചുടയ്ക്കാൻ പകലും രാത്രിയും പോരാ എന്ന അവസ്ഥയും.**

മെൽബൺ മുതൽ അഡലൈഡ് വരെ കാറിൽ പോയി. അതിമനോഹരമായ ബീച്ചുകളുടെ ഒരു നീണ്ട നിരയാണ് ഉടനീളം. ഒരുപാടു കോവളങ്ങൾ ഒന്നിച്ചണിനിരന്നതു പോലെ. അന്നത്തെ ചൂട് 45 ഡിഗ്രിയായിരുന്നു. അതിനാൽത്തന്നെ ഓസ്ട്രേലിയക്കാർ മിക്കവരും കടൽവെള്ളത്തിൽ കെട്ടിമറിഞ്ഞു കിടന്നു. മെൽബണിൽ പ്രതിദിനം നാലു കാലാവസ്ഥയാണു പോലും. പെൻഗ്വിനുകളുടെ ദ്വീപായ ഫിലിപ്പ് ഐലൻഡിലും ഒരു പര്യടനം നടത്തി. ദ്വീപിലെ നൂറുകണക്കിനു മൺകൂനകളിൽ മാളങ്ങളുണ്ടാക്കി കുഞ്ഞുങ്ങളുമായി അതിൽ കഴിയുന്ന പക്ഷികൾ മീൻ പിടിക്കാനായി കടലിൽ മൈലുകളോളം യാത്ര ചെയ്യുന്നതും, സന്ധ്യയാകുമ്പോൾ ബാച്ചുകളായി വന്ന് കൃത്യമായി സ്വന്തം മാളങ്ങളിൽ ചേക്കേറുന്നതും രസകരമായ കാഴ്ചയാണ്. കുഞ്ഞുങ്ങൾക്കു കൊടുക്കാൻ തൊണ്ടയിൽ കൊച്ചുമീനുകളെ കരുതിയിട്ടുണ്ടാവും അവർ. അവർക്കിടയിൽ കൊല്ലുന്ന മത്സരമില്ല. ഒരു കൊച്ചു ദ്വീപിൽ നൂറ്റാണ്ടുകളായി സന്തോഷത്തോടെ അവർ മേയുന്നു. തിരമാലകൾ പോലും അങ്ങോട്ടാക്രമിച്ചു കയറി അവരെ ഉപദ്രവിക്കുന്നില്ല.

*(തിരുവല്ല മാർത്തോമാ കോളജിലെ ഇംഗ്ലീഷ് അധ്യാപകനാണു ലേഖകൻ)*

# ഹിന്ദുത്വസംസ്കാരവും മതസൗഹാർദ്ദവും

റവ. ഡോ. ഇ. സി. ജോൺ



ക്രിസ്ത്യാനികൾ മാത്രമല്ല, ഇതര മതസ്ഥരും, ഒരു മതത്തോടും പ്രത്യേക പ്രതിപത്തി പ്രദർശിപ്പിക്കാത്തവരും ആരായുകയും മനസ്സിലാക്കുകയും ചെയ്യേണ്ട വിഷയമാണ് ഹിന്ദുത്വ, അഥവ, ഹിന്ദുരാഷ്ട്ര തത്വസംഹിത. 'ഹിന്ദുത്വ' എന്നാൽ ഹിന്ദുമതമെന്നോ, ഹിന്ദുധർമ്മമെന്നോ ധരിച്ചെങ്കിൽ തെറ്റി. ഈ പ്രത്യയശാസ്ത്രത്തിന്റെ ഉള്ളടക്കം അതല്ലെന്ന് ഇതിന്റെ ഉപജ്ഞാതാവു തന്നെ പറഞ്ഞിട്ടുണ്ട്. വിനായക് സവർക്കറാണ് ഈ ആശയസംഹിത ആദ്യമായി അവതരിപ്പിച്ചത്. അദ്ദേഹം 1923-ൽ Hindutva-Who is a Hindu എന്ന പുസ്തകം രചിച്ചു. അദ്ദേഹത്തിന്റെ അനുയായിയായ എം.എസ്. ഗൊൾവൽക്കർ ഈ ചിന്താസരണിക്ക് വികസിത രൂപം നൽകാൻ വേണ്ടി രചിച്ച പുസ്തകങ്ങളാണ് We, or our nationhood defined (1934); A bunch of thoughts (1966). മേൽപ്പറഞ്ഞ മൂന്നു ഗ്രന്ഥങ്ങളാണ് ഹിന്ദുത്വ പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന രേഖകൾ.

സവർക്കറുടെ ഹിന്ദുത്വസിദ്ധാന്തത്തിന്റെ അടിസ്ഥാനപ്രമാണങ്ങളായ പിതൃഭൂമി, പുണ്യഭൂമി എന്നിവയിൽ മൂന്നു ഘടകങ്ങളടങ്ങിയിട്ടുണ്ട്. പിതൃഭൂമി, രാജ്യത്തിന്റെ വിസ്തൃതിയെയും അതിലെ ജനതയെയും സൂചിപ്പിക്കുന്നു. പുണ്യഭൂമി, ദേശത്തോടും പുരാതന മതപാരമ്പര്യങ്ങളോടുമുള്ള ആദരവിന്റെ സൂചനയാണ്. പിതൃഭൂമി എന്നതിൽ രണ്ടു ഘടകങ്ങൾ-സിന്ധു (=ഹിന്ദു) രാജ്യവും ജനതയും, ജാതിയും-ഉൾപ്പെടുന്നു. വേദകാലം മുതൽക്കേ പിതൃക്കളുടെ സന്താനപരമ്പരകളായി അവരുമായി രക്തബന്ധമുള്ള ഒരേയൊരു ജാതിയാണ് സിന്ധുരാജ്യത്ത് അധിവസിക്കുന്നതെന്നാണ് സവർക്കറുടെ സിദ്ധാന്തം. ആൻഡമാൻസ് ദ്വീപുകളിലുള്ള ജനതയെയും പിതൃക്കളുടെ സന്താനപരമ്പരയിലുൾപ്പെടുത്തിയിട്ടുണ്ട്. ഭാരതം എന്ന സംജ്ഞ അദ്ദേഹത്തിനു സ്വീകാര്യമല്ല. കാരണം, ഇൻഡ്യയെന്നു വ്യാഖ്യാനിക്കപ്പെടും. ഇൻഡ്യയിൽ അധിവസിക്കുന്നവരും, പിതൃക്കളുമായി രക്തബന്ധമില്ലാത്തവരും ഇൻഡ്യൻ ജനതയിൽ ഉൾപ്പെടുമല്ലോ! മൂന്നാമത്തെ ഘടകം, പൊതുവായ സംസ്കാരത്തോടു കൂറു പുലർത്തുക. അതായത്, ഹിന്ദുമതകർമ്മാദികളും അനുഷ്ഠാനാചാരങ്ങളും പാലിക്കുക. സിന്ധുദേശം പുണ്യഭൂമിയായി ആദരിക്കുന്നതിന്റെ അടയാളമാണത്. ഒന്നും രണ്ടും ഘടകങ്ങളനുസരിച്ച് മുസ്ലീങ്ങളും ക്രിസ്ത്യാനികളും സിന്ധുദേശത്തെ പ്രജകളുടെ യോഗ്യതയുള്ളവരാണ്. പക്ഷേ, മൂന്നാമത്തെ യോഗ്യത അവർക്കില്ല. അവർ സിന്ധുദേശത്തെ പുണ്യഭൂമിയായി ആദരിക്കുന്നില്ല. അതുകൊണ്ട് ഇക്കൂട്ടർ ദേശീയപൗരത്വത്തിനു യോഗ്യരല്ലെന്നാണ് സവർക്കർ സമർത്ഥിക്കുന്നത്. മൂന്നാമത്തെ ഘടകത്തിൽ മതകർമ്മങ്ങൾ മാത്രമല്ല, ചരിത്രം, സാഹിത്യം, കല, ശിൽപ്പവിദ്യ, നിയമാവലി, ഉത്സവങ്ങൾ ആദിയായവയെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. ദേശീയതയുടെ അവശ്യയോഗ്യതകളാണ് മുൻപേ പ്രസ്താവിച്ച മൂന്നു ഘടകങ്ങളുമെന്നാണ് സവർക്കറുടെ നിലപാട്. ദേശീയഭദ്രതയ്ക്കും കെട്ടുറപ്പിനും ഐക്യത്തിനും അവ ഒഴിച്ചുകൂടാത്തതാണെന്ന് അദ്ദേഹം വാദിക്കുന്നു.

ആർ.എസ്.എസ്. സ്ഥാപകനായ ഹെഡ്ഗവാർ (1925) സവർക്കറുടെ ആദർശം പിന്തുടർന്നു. ഹിന്ദുമഹാസഭയും സവർക്കറുടെ ഹിന്ദുത്വ സിദ്ധാന്തം ഹിന്ദുമഹാസഭയുടെ അടിസ്ഥാനപ്രമാണമായി അംഗീകരിച്ചു. 1937 മുതൽ 1942 വരെ സവർക്കറായിരുന്നു ഹിന്ദുമഹാസഭയുടെ അദ്ധ്യക്ഷൻ. ഹെഡ്ഗവാറിന്റെ സഹപ്രവർത്തകനായിരുന്ന എം.എസ്. ഗൊൾവൽക്കർ, ഹെഡ്ഗവാറിന്റെ മരണശേഷം ആർ.എസ്.എസിന്റെ നേതൃത്വം ഏറ്റെടുക്കുകയും അദ്ദേഹത്തിന്റെ നിര്യാണം വരെ (1970) സംഘടനയുടെ അദ്ധ്യക്ഷസ്ഥാനം അലങ്കരിക്കുകയുമുണ്ടായി. സവർക്കർ അവതരിപ്പിച്ച മൂന്നു പ്രമാണങ്ങൾ ഗൊൾവൽക്കർ അഞ്ചായി വികസിപ്പിച്ചു: രാജ്യം (ദേശം), വർഗ്ഗം, മതം, സംസ്കാരം. ദേശീയതയുടെ അവശ്യഘടകങ്ങളാണ് പ്രസ്തുത പ്രമാണങ്ങളെന്നു ഗൊൾവൽക്കർ വാദിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഹിന്ദുമതം മാത്രമാണ് മതമായി പരിഗണിക്കാവുന്നത്. ഈ അഞ്ചു പ്രമാണങ്ങൾ അംഗീകരിച്ച് ഹിന്ദുവർഗ്ഗത്തെയും ഹിന്ദുദേശത്തെയും ഉയർത്തുവാൻ ആത്മാർത്ഥമായി പരിശ്രമിക്കുന്നവരെ മാത്രമേ ദേശഭക്തരായി പരിഗണിക്കാൻ കഴിയൂയെന്നാണ് ഗൊൾവൽക്കറുടെ നിലപാട്. പഞ്ചഗുണങ്ങളില്ലാത്തവർ തങ്ങളുടെ വ്യത്യാസങ്ങളുപേക്ഷിച്ച് ദേശീയവർഗ്ഗത്തിൽ പൂർണ്ണമായി ചേർന്നാൽ അവരെ പൗരന്മാരായി പരിഗണിക്കാം. മറിച്ച്, അവർ തങ്ങളുടെ വർഗ്ഗീയതവും മതപരവും സംസ്കാരപരവുമായ വിഭിന്നാവസ്ഥ തുടർന്നാൽ അവരെ വിദേശീയരായി മാത്രമേ പരിഗണിക്കാൻ നിർവാഹമുള്ളൂവെന്നാണ് ഹിന്ദുത്വയെപ്പറ്റി ഗൊൾവൽക്കറുടെ വിശദീകരണം. പുറമെ ദേശഭക്തി പ്രദർശിപ്പിക്കയും അതോടൊപ്പം ഹിന്ദുരാഷ്ട്രസിദ്ധാന്തത്തിനെതിരായി പ്രവർത്തിക്കയും ചെയ്യുന്നവരെ രാജ്യദ്രോഹികളും ദേശീയ താൽപ്പര്യത്തിന്റെ ശത്രുക്കളുമായി മാത്രമേ വീക്ഷിക്കാനാവൂ എന്നത്രേ ഗൊൾവൽക്കർ പറയുന്നത്.

A bunch of thoughts എന്ന ഗ്രന്ഥത്തിന്റെ പന്ത്രണ്ടാം അദ്ധ്യായം മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ, കമ്യൂണിസ്റ്റുകാർ എന്നിവരെക്കുറിച്ചുള്ള പ്രതിപാദനമാണ്. ആഭ്യന്തരഭീഷണി എന്നാണ് അദ്ധ്യായത്തിന്റെ തലക്കെട്ട്. ***ക്രിസ്ത്യാനികൾ ജീവകാരുണ്യപ്രവർത്തനങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ക്രിസ്തുവിന്റെ അനുയായികളുടെ എണ്ണം വർദ്ധിപ്പിക്കുകയാണ് അവരുടെ ഏകലക്ഷ്യമെന്ന് ഗൊൾവൽക്കർ വിലയിരുത്തുന്നു***. ഇൻഡ്യയുടെ വടക്കുകിഴക്കൻ പ്രദേശത്ത് അധിവസിക്കുന്ന നാഗന്മാർക്ക് അവരുടേതായ സ്വതന്ത്ര രാജ്യം സ്ഥാപിക്കണമെന്നും, കേരളത്തിൽ കമ്യൂണിസ്റ്റു ഭരണത്തിനെതിരെ പ്രക്ഷോഭം നടത്തിയപ്പോൾ കേരളം കത്തോലിക്ക ക്രിസ്ത്യാനികളാൽ ഭരിക്കപ്പെടുമെന്ന് അവകാശവാദം ഉയർത്തിയതായും ഗൊൾവൽക്കർ ക്രിസ്ത്യാനികളെ കുറ്റപ്പെടുത്തുന്നു. ഈ പ്രതിപാദനത്തിന്റെ സമാപനം ഉദ്ധരിക്കട്ടെ: **ക്രിസ്ത്യാനികൾ ഇതേ രീതിയിലുള്ള പരിപാടികൾ തുടരുകയും ക്രിസ്തുമതം വളർത്തുന്ന അന്താരാഷ്ട്രപ്രസ്ഥാനത്തിന്റെ ഏജന്റുമാരായി വർത്തിക്കയും, അവർ ജനിച്ച ദേശത്തോടു കൂറു പുലർത്താതെയും തങ്ങ**




ളുടെ പൂർവികരുടെ പാരമ്പര്യവും സംസ്കാരവും പിന്തുടരാതിരിക്കയും ചെയ്യുന്നിടത്തോളം അവർ ശത്രുക്കളാണ്. അവരെ ശത്രുക്കളായി കൈകാര്യം ചെയ്യുകയും വേണം. ഈ സംക്ഷിപ്ത വിവരണത്തിൽ നിന്ന് ഏതാനും നിഗമനങ്ങൾ സ്പഷ്ടമാണ്:-

● സംസ്കാരം (സംസ്കൃതി) എന്നത് ഹൈന്ദവ മതകർമ്മാദികളിലും ആചാരങ്ങളിലുമടങ്ങിയ ഒരേയൊരു സംസ്കാരമാണ്. അവയെല്ലാം ഉൾക്കൊണ്ട് ഏകപക്ഷീയമായി അവയെ ആചരിക്കയും ചെയ്യുന്നവർ മാത്രമേ ഹിന്ദുരാഷ്ട്രത്തിലെ പൗരന്മാരാകുന്നുള്ളൂ. ഗിരിവർഗ്ഗങ്ങളുടെയും പട്ടികജാതികളുടെയും ഇതരന്യൂനപക്ഷങ്ങളുടെയും സംസ്കാരത്തിന് പരിഗണന നൽകുന്നതായി കാണുന്നില്ല. മുസ്ലീങ്ങളെയും ക്രിസ്ത്യാനികളെയും വിദേശീയരിൽ ഉൾപ്പെടുത്തിയിരിക്കയാണ്. സംഘ്പരിവാറിന്റെയോ ബി.ജെ.പി.യുടെയോ പ്രസിദ്ധീകരണങ്ങളിൽ സംസ്കാരം എന്നതിനും കൾച്ചറൽ നാഷനലിസം എന്നതിനും നൽകുന്ന അർത്ഥവ്യാപ്തി പരിശോധിക്കേണ്ടതാണ്.

● ഹൈന്ദവ നവോത്ഥാനത്തിന്റെ മാർഗ്ഗദർശകരിൽ പ്രമുഖനായ സ്വാമി വിവേകാനന്ദനും അദ്ദേഹത്തിന്റെ ഗുരുവായ ശ്രീരാമകൃഷ്ണ പരമഹംസയും എല്ലാ മതങ്ങളും സത്യാന്വേഷകർക്കുള്ള വ്യത്യസ്ത മാർഗങ്ങളാണെന്നും, അവയെല്ലാം ഒരേ ലക്ഷ്യത്തിൽ ചെന്നെത്തുന്നുവെന്നും അസന്ദിഗ്ദ്ധം പ്രസ്താവിച്ചിട്ടുണ്ട്. "സമരം ചെയ്യാതെ സഹായഹസ്തം നീട്ടുക, നശീകരണത്തിനു പകരം ഉൾക്കൊള്ളാൻ ശ്രമിക്കുക, കലഹത്തിനു പകരം സാഹോദര്യവും സമാധാനവും പുലർത്തുക" എന്നായിരുന്നു സ്വാമി വിവേകാനന്ദൻ ഷിക്കാഗോ മതസമ്മേളനത്തിൽ, നൽകിയ സന്ദേശം. ക്രിസ്തുവിനെ ദൈവാവതാരമായി അദ്ദേഹം അംഗീകരിക്കയുണ്ടായി. മഹാത്മാഗാന്ധിയും ഇൻഡ്യയുടെ രാഷ്ട്രപതിയായിരുന്ന ഡോ. എസ്. രാധാകൃഷ്ണനും ക്രിസ്തുവിന്റെ ജീവിതത്തെ പുകഴ്ത്തുകയും ഉപദേശത്തെ വിലമതിക്കയും ചെയ്തിട്ടുണ്ട്. അനേകം ഹിന്ദുക്കൾ ഇതേ അഭിപ്രായക്കാരാണെന്ന് അവരുടെ ഗ്രന്ഥങ്ങളും പ്രഭാഷണങ്ങളും വിളിച്ചറിയിക്കുന്നു.

● മതമൈത്രിയും സാഹോദര്യവുമാണ് ഇന്നിന്റെ ആവശ്യം. പരസ്പര വിദ്വേഷമുണ്ടാക്കുന്ന പ്രസിദ്ധീകരണങ്ങളും പ്രകോപനപരമായ പ്രവർത്തനങ്ങളും പാടേ ഉപേക്ഷിക്കണം. സർവലോക: സുഖിനോ ഭവന്തു: എന്ന ആദർശം മുൻനിർത്തി ഭാരതത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും നീതി ലഭിക്കുവാനുള്ള ലക്ഷ്യം എല്ലാ രാഷ്ട്രീയ പാർട്ടികളും മതസമൂഹങ്ങളും സ്വീകരിക്കണം. ഈ ലക്ഷ്യം മാത്രമേ ജനങ്ങൾ തമ്മിൽ സമാധാനവും ഐക്യവും വളർത്തുവാൻ പ്രേരകശക്തിയായി ഭവിക്കുകയുള്ളൂ.

● 20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ ഭാരതത്തിലെ ക്രൈസ്തവ സഭകളിൽ തദ്ദേശീയ ബോധം വളർന്നുവരികയായിരുന്നു. എന്നാൽ കഴിഞ്ഞ ഏതാനും ദശകങ്ങളിൽ ഈ അവബോധത്തോടിണങ്ങാത്ത പ്രവണതകളും കണ്ടു തുടങ്ങിയിട്ടുണ്ട്. ഇതര മതസ്ഥരെ സത്യാന്വേഷകരായ തീർത്ഥാടകരായി സമഭാവനയോടും ആദരവോടും വീക്ഷിക്കേണ്ടതാണെന്ന് പല ക്രൈസ്തവ വേദപണ്ഡിതരും നൽകിയിട്ടുള്ള ഉപദേശം വിസ്മരിച്ചുകൂടാ.

*അറിയപ്പെടുന്ന പഴയനിയമ പണ്ഡിതനാണു ലേഖകൻ. ബാംഗ്ലൂർ യു.ടി.സി. മുൻ പ്രിൻസിപ്പലും എക്യുമെനിക്കൽ ക്രിസ്ത്യൻ അക്കാദമി ഡയറക്ടറുമാണ്.*

# കഥയില്ലാത്ത അൽപ്പം ചില്ലറക്കാര്യങ്ങൾ



ഡോ. കെ. വി. വർഗീസ്

## തൊട്ടുരുമ്മി നിൽക്കുന്ന പള്ളികളും ക്ഷേത്രങ്ങളും

ഒരു അമ്പലത്തിനടുത്ത് പള്ളിയോ പള്ളിയ്ക്കടുത്ത് അമ്പലമോ ഇന്നു വയ്ക്കാറില്ല. ദൈവങ്ങൾ തമ്മിൽ തൊട്ടുകൂടായ്മയുണ്ടെന്നുള്ള മിഥ്യാബോധമാണ് ഇതിനടിസ്ഥാനം. ആത്മീയത ഒരു കച്ചിത്തുരുമ്പാകുമ്പോഴുണ്ടാകുന്ന അവസ്ഥാവിശേഷമാണിത്.

തിരുവനന്തപുരത്ത് പാളയം എന്ന സ്ഥലത്ത് ഒരു ക്രൈസ്തവ ദേവാലയവും മുസ്ലിം പള്ളിയും ഹിന്ദുക്ഷേത്രവും അടുത്തടുത്ത് സ്ഥിതിചെയ്യുന്നു. അതുകൊണ്ട് പള്ളിക്കോ മസ്ജിദിനോ അമ്പലത്തിനോ ആരാധനയ്ക്കെത്തുന്ന ആളുകൾക്കോ ഒരു ദോഷവും ഉണ്ടാകുന്നുവെന്ന് ആരും കരുതുന്നില്ല. തിരുവനന്തപുരത്ത് പേട്ട പള്ളിമുക്ക് എന്ന സ്ഥലത്ത് പതിനെട്ടാം നൂറ്റാണ്ടിൽ പണിത ഒരു ലത്തീൻ പള്ളിയുണ്ട്-തിരുവിതാംകൂർ മഹാരാജാവിന്റെ സഹായത്തോടെ പണിയിച്ചത്. അടുത്ത പുരയിടത്തിലുള്ളത് ഒരു ക്ഷേത്രമാണ്. പള്ളിമുക്കിലുള്ള ഈ രണ്ടു മന്ദിരങ്ങളിലും വിശ്വാസികൾ ആരാധനയ്ക്കായി എത്തുന്നു. അതുപോലെതന്നെ ശബരിമലയിലുള്ള നിലയ്ക്കൽ എന്ന സ്ഥലത്ത് അമ്പലവും പള്ളിയും തൊട്ടുരുമ്മിയാണു നിലനിന്നിരുന്നത്. പതിനാലാം നൂറ്റാണ്ടിന്റെ പകുതിവരെ ഇവ രണ്ടും സജീവ ആരാധനാലയങ്ങളായി നിലനിൽക്കുകയും ചെയ്തു. കേരളത്തിലെ ഭരണാധികാരികൾക്കുണ്ടായിരുന്ന മതസഹിഷ്ണുതമൂലമാണ് ഇത്തരത്തിലുള്ള സഹവർത്തിത്വം സാധ്യമായത്. കൊച്ചി ഭരിച്ചിരുന്ന ശക്തൻ തമ്പുരാൻ പുത്തൻകൂർ ക്രിസ്ത്യാനികൾക്ക് (പറങ്കികൾക്കു വഴങ്ങാതിരുന്ന മലങ്കര നസ്രാണികൾ) ആരാധനയ്ക്കായി കുന്നംകുളത്ത് ഉപയോഗശൂന്യമായി കിടന്ന ഒരമ്പലം കുരിശുപള്ളിയായി ഉപയോഗിക്കുവാൻ വിട്ടുകൊടുത്തത് വിസ്മയത്തോടുകൂടെ മാത്രമേ ഇന്നും നമുക്കു മനസ്സിലാക്കുവാൻ കഴിയുകയുള്ളൂ. അമ്പലപ്പുഴ രാജാവ് നസ്രാണികളുടെ രാജ്യസേവനത്തിനു നന്ദിസൂചകമായി പണിതു നൽകിയ കുടമാളൂർ പള്ളിയും സാമുദായിക മൈത്രിയുടെ മറ്റൊരു പ്രതീകമായി നിലകൊള്ളുന്നു.

പോർച്ചുഗീസുകാരുടെ വരവിനുമുമ്പ് നായന്മാരും നസ്രാണികളും ഏകോദര സഹോദരങ്ങളെപ്പോലെയാണു കഴിഞ്ഞിരുന്നത്. ഇരുകൂട്ടരുടെയും ആചാരരീതികൾ ഏതാണ്ട് ഒരുപോലെയായിരുന്നു. നിരവധി ഹൈന്ദവാചാരങ്ങൾ ക്രൈസ്തവർ സ്വീകരിക്കുകയുണ്ടായി. ഇരുവർക്കും കുടുംബിയും കടുക്കനും ഉണ്ടായിരുന്നു. ഒരു ജാതി എന്ന നിലയിലാണ് സമൂഹം ക്രൈസ്തവരെ കണ്ടിരുന്നത്. കേരളത്തിൽ വൈശ്യർ ഇല്ലായിരുന്നു. ഈ വിടവ് നികത്തിയത് നസ്രാണികളായിരുന്നു. വ്യാപാരത്തിന്റെ ചുക്കാൻ പിടിച്ചിരുന്നത് ക്രൈസ്തവരാണെന്നു പറയാം. 1599-ൽ തയാറാക്കിയ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനുകൾ പരിശോധിക്കുമ്പോൾ ഹിന്ദു-ക്രൈസ്തവ ബന്ധത്തിന്റെ വിശാല മാനങ്ങൾ എന്താണെന്നു സ്പഷ്ടമാകും. ഈ പശ്ചാത്തലത്തിൽ പള്ളിയുടെ സാന്നിധ്യം അനഭിമതമെന്ന് ഹിന്ദുക്കൾക്കു തോന്നിയില്ല. എങ്കിൽത്തന്നെ പ്രതിഷ്ഠയുടെ ശക്തിയ്ക്കു കോട്ടംവരാത്ത വണ്ണം പള്ളിയുടെ സ്ഥാനം നിശ്ചയിക്കണമെന്ന് ജ്യോത്സ്യന്മാർ ശാഠ്യം പിടിച്ചിരുന്നു. പലപ്പോഴും ഭരണാധികാരികൾ ഈ വാദഗതി അംഗീകരിച്ചുവെങ്കിലും ചിലപ്പോഴൊക്കെ ന്യായാന്യായങ്ങൾ കണക്കിലെടുത്ത് ഇതിനെ തള്ളിക്കളഞ്ഞു കൊണ്ടുള്ള ഉത്തരവുകൾ ഇറക്കിയിട്ടുള്ള ചരിത്രവും വിരളമല്ല.

മധ്യതിരുവിതാംകൂറിലെ പഴക്കം ചെന്ന സുറിയാനിപ്പള്ളികളിലൊന്നാണ് കല്ലൂപ്പാറ പള്ളി. ക്രിസ്താബ്ദം 1340-ലാണ് ഇതു സ്ഥാപിതമായത്. തിരുവല്ലയ്ക്കടുത്ത് മണിമലയാറിന്റെ തീരത്തുള്ള ഒരു ഗ്രാമമാണ് കല്ലൂപ്പാറ. പെരുമ്പ്ര നാടിന്റെ ഭാഗമായ ഈ സ്ഥലം ഇടപ്പള്ളി തമ്പുരാന്റെ അധീനതയിലായിരുന്നു. ബ്രാഹ്മണനായ ഈ നാടുവാഴി ഒരിക്കൽ കല്ലൂപ്പാറ സന്ദർശിച്ചപ്പോഴുണ്ടായ ഒരനുഭവമാണ് അവിടെ പള്ളി പണിയാൻ അവസരമൊരുക്കിയത്. അന്ന് കല്ലൂപ്പാറയിലും അതിനു കിഴക്കും ക്രിസ്ത്യാനികൾ വിരളമായിരുന്നു. മണിമല മുതൽ പടിഞ്ഞാറു ദിക്കുകളിലുള്ളവർ ആരാധനയ്ക്കായി പുരാതനമായ നിരണം പള്ളിയിലാണ് വന്നുകൊണ്ടിരുന്നത്. നിരണത്തുപോയി മടങ്ങുന്നത് പ്രയാസം നിറഞ്ഞ ഒന്നായിരുന്നു. പ്രത്യേകിച്ച്, പ്രളയക്കെടുതിയുള്ള കാലങ്ങളിൽ. ഒരിക്കൽ വർഷകാലത്ത് മണിമല നിന്ന് ഒരു ശവം മറവു ചെയ്യുന്നതിനായി നിരണത്ത് നദീമാർഗം കൊണ്ടുവരികയായിരുന്നു. ഈ സമയം രാജാവും ആ സ്ഥലത്ത് താമസമുറപ്പിച്ച തന്റെ സഹോദരീ ഭർത്താവും ആറ്റുവക്കത്തുള്ള മാളികയിൽ ചതുരംഗം കളിച്ചുകൊണ്ടിരിക്കുകയായിരുന്നു. വെള്ളപ്പൊക്കമായിരുന്നതുകൊണ്ടും ശവമടക്കാൻ താമസിച്ചുപോയതിനാലും വള്ളം മറുകരയിലടുപ്പിച്ച് ഉപ്പുവാങ്ങി ശവപ്പെട്ടിയിലിട്ടു തുടങ്ങി. ശവം നാറ്റം വച്ചു തുടങ്ങിയിരുന്നു. തന്റെ പ്രജകളുടെ ദുരവസ്ഥ മനസ്സിലാക്കിയ രാജാവ് തന്റെ വക താമരശ്ശേരി പുരയിടത്തിൽ ശവം അടക്കിക്കൊള്ളുവാൻ അനുവാദം നൽകി. മാത്രമല്ല, നസ്രാണികൾക്ക് അവിടെ പള്ളിവയ്ക്കുവാനുള്ള അനുവാദവും അദ്ദേഹം നൽകുകയുണ്ടായി. രാജാവ് കൽപ്പിച്ചനുവദിച്ച സ്ഥലത്ത് പള്ളി വയ്ക്കുന്നത് ഒരു നിയോഗമായി നസ്രാണികൾ കരുതി. പക്ഷേ തൊട്ടടുത്ത് ഒരു ദേവീക്ഷേത്രമുണ്ടായിരുന്നതിനാൽ സവർണ്ണരിൽ നിന്ന് എതിർപ്പുണ്ടാകുമെന്നു നിശ്ചയമായിരുന്നു. കാരണം, പള്ളിയും കുരിശും ദേവിയിൽ നിന്നുള്ള ശക്തിപ്രവാഹത്തിനു തടസ്സമാകുമെന്ന വിശ്വാസമാണ് അവരെ ഭരിച്ചിരുന്നത്. ഇത് നസ്രാണികളെ ഒരു വിഷമവൃത്തത്തിലാക്കി. ഈ ചുറ്റുപാടിൽ തന്ത്രപരമായ ഒരു സമീപനമാണ് ക്രിസ്ത്യാനികൾ സ്വീകരിച്ചത്. മരുമക്കത്തായം കൊടികുത്തി വാഴുന്ന കാലമായിരുന്നു അത്. നായർ യുവാക്കൾ രാത്രി ഭക്ഷണത്തിനുശേഷം ചൂട്ടും കത്തിച്ച് ഭാര്യാഗൃഹത്തിലേക്കു പോകുകയും നേരം പുലരുന്നതിനുമുമ്പ് മടങ്ങിവരികയും ചെയ്യുകയായിരുന്നു പതിവ്. അതുകൊണ്ട് അനുവദിച്ച സ്ഥലത്തു രാത്രി പത്തുമണിക്കുശേഷം ഒരു ഷെഡ് വച്ച് നേരം പുലരുന്നതിനുമുമ്പ് ആരാധന തുടങ്ങണമെന്നായിരുന്നു തീരുമാനം. അന്ന് പള്ളിപ്രതിഷ്ഠ ഒരു കത്തനാർക്കു നടത്താമായിരുന്നു. ആളുകൾ ഒത്തു കൂടി ആറു തൂണിന്മേൽ ഒരു കൊട്ടിൽ ഉണ്ടാക്കി അവിടെത്തന്നെയുണ്ടായിരുന്ന പുല്ലു കൊണ്ട് മേച്ചിൽ നടത്തി. പാതിരാത്രി കഴിഞ്ഞ് പനമറ്റത്തു കത്തനാർ പ്രതിഷ്ഠാകർമ്മം തുടങ്ങി. വെളുപ്പിന് കത്തനാർ കുർബാനയാരംഭിച്ചു. അപ്പോഴാണ് ഭാര്യാഗൃഹത്തിൽ നിന്നു മടങ്ങിയെത്തിക്കൊണ്ടിരുന്ന പുരുഷന്മാർ വിവരം അറിയുന്നത്. ഇടപ്പള്ളിത്തമ്പുരാന്റെ അനുവാദമില്ലാതെ അദ്ദേഹത്തിന്റെ സ്ഥലത്ത് നസ്രാണികൾ പള്ളിവയ്ക്കാൻ മുതിരുകയില്ലെന്ന് അവർക്കറിയാമായിരുന്നു. എങ്കിലും അവർ ദേവിയുടെ കോപമുണ്ടാകുമെന്നു ഭയന്ന് രാജാവിനെ സമീപിച്ചു. "നമ്മുടെ അനുവാദത്തോടുകൂടിയാണ് പള്ളി വച്ചത്" എന്നു തമ്പുരാൻ അവരെ അറിയിച്ചു. എതിർത്താൽ ശിക്ഷിക്കുമെന്ന് താക്കീതു നൽകുകയും ചെയ്തു. ആ വിവാദം അങ്ങനെ കെട്ടടങ്ങി. അമ്പലത്തിന് ഒരു ദോഷവും സംഭവിച്ചില്ല. ദേവീകോപം ഉണ്ടായതായി ആരും പരിഭവപ്പെട്ടതുമില്ല. മാത്രമല്ല, ഹിന്ദു-ക്രിസ്ത്യൻ മൈത്രി വളരുകയാണുണ്ടായത്. ഇന്നിതൊരു പഴങ്കഥയായിരിക്കാം. *അമ്പലവും പള്ളിയും ജനങ്ങളെ ഒന്നിപ്പിക്കുന്ന ഘടകങ്ങളായി തീരേണ്ടതാണ്. പക്ഷേ അതു സാധ്യമാകണമെങ്കിൽ മതത്തിന്റെ പേരിൽ മനുഷ്യരെ തമ്മിലടിപ്പിക്കുന്ന രാഷ്ട്രീയ ഭിക്ഷാംദേഹികളുടെ പിടിയിൽ നിന്ന് നാടിനെ മോചിപ്പിക്കേണ്ടിയിരിക്കുന്നു.* ●

# NEWS

## KCC News

A seminar on Christian Identity and Cultural Nationalism was conducted at Manganam on 27th and 28th February 2004. The Seminar was inaugurated by the Rt. Rev. Dr. Issac Mar Pheloxenos and the key note address was given by Dr. Ramachandran Nair of the M.G.University. Papers were presented by Dr. Satish Deshpande on Economic Dimensions of cultural communities, Rev. Dr. K.C.Abraham on clash of Identities, Dr. Lalsang Kima Pachuac on Christian Mission, Mr. Paul Chirakarodu on Conversion, Fr. Dr. K.M.George on Church and Indigenization and Rev. Dr. E.C.John on Listening to other voices. This Seminar was co-sponsored by Ecumenical Christian Academy, T.M.A.M.R. Orientation Centre and K.C.C. The papers presented will soon be published as a book together with the findings.

■■

## പാശ്ചാത്യലോകം: വിവാഹങ്ങൾ കുറയുന്നു, വിവാഹപ്രായം വർദ്ധിക്കുന്നു

അമേരിക്കയിലും വിവിധ യൂറോപ്യൻ രാജ്യങ്ങളിലും വിവാഹങ്ങളുടെ എണ്ണം കുറയുകയും ശരാശരി വിവാഹപ്രായം വർദ്ധിക്കുകയും ചെയ്യുന്നതായി [illegible] നിന്നുള്ള സ്ഥിതിവിവരക്കണക്കുകൾ [illegible] സൂചിപ്പിക്കുന്നു. അമേരിക്കയിലെ ആകെ കുട്ടികളിൽ മൂന്നിലൊന്നും വിവാഹബന്ധമില്ലാതെ ജനിക്കുന്നവരാണ്. പ്രതിവർഷം ശരാശരി 10 ലക്ഷം കുട്ടികൾ ഇവിടെ മാതാപിതാക്കളുടെ വിവാഹമോചനവും അനന്തരഫലങ്ങളും അഭിമുഖീകരിക്കുന്നുണ്ട്. വിവാഹബന്ധത്തിലേക്കു പ്രവേശിക്കാനുള്ള വിമുഖതയും അമേരിക്കയിൽ വർദ്ധിച്ചുവരുന്നു. 35-നും 44-നും ഇടയിൽ പ്രായമുള്ള പുരുഷന്മാരിൽ 18% വും അവിവാഹിതരാണ്. വിവാഹരഹിതസഹവാസമാണ് ഇവർ തിരഞ്ഞെടുക്കുന്ന ഒരു മാർഗം. ഇത്തരം ബന്ധങ്ങളിലുണ്ടാകുന്ന കുട്ടികളാണ് നേരത്തേ സൂചിപ്പിച്ച മൂന്നിലൊന്ന്. കാനഡയിൽ സ്ത്രീകൾ വിവാഹിതരാകുന്ന ശരാശരി പ്രായം 2001-ൽ 32 [illegible]യിരുന്നു. 2001-ൽ വരന്മാരുടെ [illegible] പ്രായം 34 ആയിരുന്നു. വിവാ[illegible] നൈയാമിക, ധാർമിക [illegible]ങ്ങളേറ്റെടുക്കാതെ ഒന്നിച്ചു താമസിക്കുന്ന സ്ത്രീപുരുഷ ജോടികളുടെ എണ്ണം ഈ രാജ്യങ്ങളിൽ 1995-നുശേഷം ഇരട്ടിയിലധികമായിരിക്കുകയാണ്. കുറെക്കാലത്തെ സഹവാസത്തിനുശേഷം വിവാഹിതരായവരാണ് ഓസ്ട്രേലിയയിലെ വിവാഹിതരിൽ 73%വും.

I read with interest the letter of Very Rev. Mathew Mathew referring to the address delivered by Justice K. T. Thomas at the convocation of Serampore University. After reading the words of Dr. Stanley Jones as quoted by both, what I felt was that there is no substantive difference between the two. The only minor difference, if at all there is any, is that according to Dr. Jones as quoted by Rev. Mathew ***the heaven is poor even with Gandhi and is poorer without him.*** That much cannot be made out from the other quotation. At any rate, the criticism that Justice Thomas made "an incorrect statement" does not appear fair or justified. In his autobiography Gandhiji said about Jesus the following:- "I could accept Jesus as a martyr; an embodiment of sacrifice and a divine teacher. His death on the cross was a great example to the world."

***K. P. Philip, Kottayam***

## [illegible]

(തിരുവനന്തപുരം ആർച്ച് ബിഷപ്പ് സിറിൽ മാർ ബസേലിയസിന്റെ നർമബോധം പ്രസിദ്ധമാണ്. പ്രധാനപ്പെട്ട കാര്യങ്ങൾ തമാശ കലർത്തി അവതരിപ്പിക്കുന്നതിൽ അദ്ദേഹം സമർത്ഥനാണ്. അവയിൽ ചിലത് താഴെക്കൊടുക്കുന്നു.)

[illegible]



## ഗ്രീൻ പാരിഷ് അവാർഡ്

കൊല്ലം സെയ്ന്റ് തോമസ് സി.എസ്.ഐ. ചർച്ച് 2003-ലെ ഗ്രീൻ പാരിഷ് അവാർഡിനർഹമായി. ഗ്രീൻ പാരിഷ് എന്ന ആശയം പല സഭാവേദികളിലും തത്വത്തിൽ അംഗീകരിക്കപ്പെട്ടെങ്കിലും അത് പ്രായോഗിക തലത്തിൽ പരീക്ഷിക്കുവാൻ തയാറായത് സി.എസ്.ഐ.മദ്ധ്യ കേരള മഹായിടവകയാണ്. 2003-ാമാണ്ട് ഗ്രീൻ പാരിഷ് വർഷമായി പ്രഖ്യാപിക്കുകയും സി.എസ്.ഐ. മഹായിടവകകളിലെ ഓരോ സഭയും പ്രതിമാസം ചെയ്യേണ്ട പ്രവർത്തനങ്ങളുടെ കാര്യപരിപാടി തയാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. എല്ലാ ഇടവകകളിലും വേണ്ടത്ര അംഗീകാരം ലഭിച്ചില്ലെങ്കിലും കുറെ ഇടവകകൾ പ്രസ്തുത പരിപാടികൾ ഭംഗിയായി ഏറ്റെടുത്തു നടപ്പിലാക്കി. കൊല്ലം സി.എസ്.ഐ. പള്ളിയിലെ ഞായറാഴ്ചകൾ തികച്ചും വ്യത്യസ്തമാണ്. പള്ളി പിരിയുമ്പോൾ ആളുകൾ പോകുന്നത് വെറുംകൈയോടെയല്ല. ഒരു കൂട പച്ചക്കറി, അല്ലെങ്കിൽ മധുരച്ചീനി, കായ്കനികൾ തുടങ്ങിയവയുമാണ്. കപ്പലണ്ടിമുക്കിൽ ബ്രിട്ടീഷുകാർ 175 വർഷം മുമ്പ് പണിത സെന്റ് തോമസ് പള്ളിയുടെ മുറ്റം ഇന്ന് ഹരിതാഭമാണ്. അജഗണങ്ങളുടെ വിയർപ്പു വീണ മണ്ണിൽ പുഷ്പങ്ങളും പച്ചക്കറികളും മറ്റു വിളകളും സമൃദ്ധമായി നിൽക്കുന്നു. ഇടവക വികാരി വെരി റവ. ഉമ്മൻ ദാനിയേലിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ നാലേക്കറോളം വരുന്ന പള്ളിവളപ്പിൽ കൃഷിയിറക്കി. അവർ വാഴ നട്ടു. പയറും, മുളകും, പാവലും, പടവലവും വെണ്ടയും കപ്പയും വഴുതനയുമെല്ലാം കൃഷി ചെയ്തു. ദേവാലയത്തിനു മുമ്പിലും മറ്റിടങ്ങളിലുമായി ധാരാളം ചെടികളും വച്ചു പിടിപ്പിച്ചു. ഓർക്കിഡും അന്തൂറിയവും ധാരാളം നാടൻ ചെടികളും പള്ളിമുറ്റത്ത് സൗരഭ്യം പരത്തുന്നു. ഇടവകാംഗങ്ങൾ തന്നെയാണ് പണികൾ നടത്തുന്നത്. തൈനടീലും കളയെടുപ്പും വളമിടീലുമെല്ലാം അവർ തന്നെ ചെയ്യുന്നു. ദിവസവും അവ നനയ്ക്കാൻ മാത്രം ഒരാളെ നിർത്തുന്നു. ജൈവവളമാണ് അവർ കൃഷിയ്ക്കുപയോഗിക്കുന്നത്-ചാണകവും പച്ചിലയും കമ്പോസ്റ്റുവളവും. ഗ്രീൻ പാരിഷ് ഒരു പുതിയ സംസ്കാരത്തിന്റെയും കാഴ്ചപ്പാടിന്റെയും തുടക്കം മാത്രം.

# Book Review

## സമൃദ്ധിയായ ജീവൻ (പ്രതിദിന ധ്യാനം)

**പ്രൊഫ. ഡി. മാത്യു**

**സോഫിയ പബ്ലിക്കേഷൻസ്, പീസ് കോട്ടേജ്, പത്തനംതിട്ട ■ വില : 150/- രൂപ**

ക്രിസ്തീയ വിശ്വാസികളുടെ അംഗീകാരം നേടിയെടുത്ത സുപ്രസിദ്ധ സുവിശേഷപ്രസംഗകനും റിട്ട. കോളജദ്ധ്യാപകനുമായ പ്രൊഫ. ഡി. മാത്യുവിനാൽ വിരചിതമായ പുസ്തകമാണിത്. ദീർഘകാലാനുഭവങ്ങളുടെയും വായനയുടെയും പഠനത്തിന്റെയും മനനത്തിന്റെയും ഫലമായി രൂപപ്പെടുത്തിയ ആശയങ്ങൾ ചിട്ടയോടും ക്രമമായും ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ദൈനംദിന ജീവിതത്തിൽ വിശ്വാസികൾക്ക് പ്രയോജനപ്പെടുന്ന ഒരു പുസ്തകമാണിത്.

●●

## കുഴലൂത്തിന്റെ നൈതികത

**പ്രൊഫ. മാമ്മൻ വർക്കി**

**വിചാര, മാവേലിക്കര. ■ വില : 50/- രൂപ**

ആഗോളവൽക്കരണത്തിന്റെ മോഹവലയത്തിലേക്ക് സമൂഹത്തെ ആകർഷിക്കുന്ന അഭൂതപൂർവമായ തന്ത്രങ്ങളുമായി മാധ്യമങ്ങൾ നിറഞ്ഞു നിൽക്കുമ്പോൾ ജീവന്റെ കുഴലൂത്തിനു പകരം മരണത്തിന്റെ മണിനാദമാണ് കമ്യൂണിക്കേഷൻ മേഖലയിലാകെ മുഴങ്ങുന്നതെന്ന തിരിച്ചറിവിൽ നിന്നുള്ള വേദപാഠനങ്ങൾ.

*എം. കെ*



ഡോ. മാത്യു കോശി പുന്നയ്ക്കാട് രചിച്ച പരിസ്ഥിതി കഥകൾ പരിചിന്തനങ്ങൾ എന്ന പുസ്തകത്തിന്റെ പ്രകാശനം ബിഷപ്പ് തോമസ് സാമുവൽ നിർവഹിച്ചപ്പോൾ. പുസ്തകത്തിന്റെ കോപ്പി ഏറ്റുവാങ്ങുന്നത് ഫാ. ഡോ. കെ. എം. ജോർജ്. മി. എം.എം. ഫിലിപ്പ്, റവ. ഡോ. പി.ജി. ജോർജ്, റവ. ജിജി ജോസഫ്, ഡോ. മാത്യു കോശി പുന്നയ്ക്കാട് എന്നിവർ സമീപം.

Registered with the Registrar of Newspapers for India under No. KER BIL/2000/1543

Annual subscription: Rs. 75/-

Postal Regn. No KL/CR/KTM/362/2003-05




സി. എസ്. ഐ. സഭയുടെ പുതിയ സാരഥികളായ ബിഷപ്പ് ഡോ. ബി. പി. സുഗന്ധർ (മോഡറേറ്റർ) ക്കും പ്രൊഫ. ഡോ. പോളിൻ സത്യമൂർത്തി (ജനറൽ സെക്രട്ടറി) ക്കും ഉത്തരകേരള മഹായിടവക നൽകിയ സ്വീകരണം. മുൻ നിരയിൽ ഇടത്തേ അറ്റത്ത് മന്ത്രി കെ. വി. തോമസും മധ്യത്തിൽ ബിഷപ്പ് ഡോ. ജോർജ് ഐസക്കും.




2003 ലെ ഗ്രീൻ പാരിഷ് അവാർഡ് കരസ്ഥമാക്കിയ കൊല്ലം സി. എസ്. ഐ. പള്ളിയിൽ ചേർന്ന അവാർഡുദാനസമ്മേളനത്തിലെ ഒരു ദൃശ്യം.

Printed & Published by the Rev. Prof. K.C. Mathew at Manganam, Kottayam and owned by the Rev. Prof. K.C. Mathew, Chairperson, Nava Darshan Trust, Kottayam.
Editor: Dr. Mathew Koshy Punnackad ■ Printed at Learners' Offset Printers, C.M.S. College Road, Kottayam